# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

# നടത്തറ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി9)1966/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയതി: 16/12/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നടത്തറ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : നടത്തറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നടത്തറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി9)1966/2023 തീയ്യതി: 16/12/2023

# തൃശ്ശൂർ ജില്ലയിലെ നടത്തറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ നടത്തറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 30-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു പി.എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 06-10-2023 | 13-10-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-10-2023 | 13-10-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.ജയകൃഷ്ണൻ എസ്, ഓഡിറ്റ് ഓഫീസർ

ശ്രീമതി.ചൈതന്യ പുരുഷോത്തമൻ, അസി.ഓഡിറ്റ് ഓഫീസർ

ശ്രീ.ജയൻ വി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.സിജോ തോമസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീവിദ്യ രാജേഷ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| പ്രദീപ് കെ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശോഭിനി കെ. എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 03-11-2022 |
| സീന കെ. പി. | അസിസ്റ്റന്റ് സെക്രട്ടറി | 04-11-2022 | 31-03-2023 |
| സുഷമ സി. വി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ഡോ. രാഖി സുകുമാരൻ വി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 14-06-2022 |
| ഡോ. സിൻസി പവിത്രൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 15-06-2022 | 31-03-2023 |
| ഡോ. ബിന്ദു പി. നായർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 03-12-2022 |
| ഡോ. ജയ ടി. എം. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 04-12-2022 | 31-03-2023 |
| ആൻസി എം. ലാസർ | ഹെഡ് മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| സുരഭി ടി. എസ്. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രുതി പി. ഡി. | അഗ്രിക്കൾച്ചർ ഓഫീസർ | 01-04-2022 | 04-08-2022 |
| ജൂലി ജോർജ്ജ് | അഗ്രിക്കൾച്ചർ ഓഫീസർ | 05-08-2022 | 31-03-2023 |
| അനു പി. പ്രഭ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ. ശാലിനി പി. എസ്. | മെഡിക്കൽ ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. ശരണ്യ | വെറ്ററിനറി സർജൻ | 01-04-2022 | 28-01-2023 |
| ബിന്ദു ബാലകൃഷ്ണൻ | വെറ്ററിനറി സർജൻ | 29-01-2023 | 31-03-2023 |
| റഹീന പി. എ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| തനൂജ കെ. എം. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 03-08-2022 |
| സജിത്ത് തോമസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 04-08-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | കാലാവധി കഴിഞ്ഞ ചെക്കുകൾ Liability In Respect Of State Cheque എന്ന ശീർഷകത്തിലേക്ക് മാറ്റി ബാങ്ക് ബുക്ക് ക്രമീകരിച്ചിട്ടില്ല | 1-1-3 |
| 5 | "Directly Debited By Bank"-വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല | 1-1-4 |
| 6 | "Directly Credited By Bank" വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-5 |
| 7 | വസ്തു നികുതി -റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | വസ്തു നികുതി -നോൺ-റെസിഡൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല . | 1-1-7 |
| 9 | വസ്തു നികുതി കുടിശ്ശിക റെസിഡൻഷ്യൽ-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല . | 1-1-8 |
| 10 | വസ്തു നികുതി കുടിശ്ശിക-നോൺ-റെസിഡൻഷ്യൽ-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക) | 1-1-10 |
| 12 | വസ്തു നികുതി മുൻകൂർ-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പടുന്നില്ല | 1-1-11 |
| 13 | വസ്തുനികുതി യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-1-12 |
| 14 | വാർഷികകണക്കിലെയും ACR ലെയും തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു | 1-1-13 |
| 15 | മുൻകൂറായി ലഭിച്ച വരുമാനങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ ചേർത്ത് വാർഷികകണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. | 1-1-14 |
| 16 | State Govt Levies In Property Tax" വ്യത്യാസം പരിഹരിക്കേണ്ടതാണ്. | 1-1-15 |
| 17 | രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-1-16 |
| 18 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല | 1-1-17 |
| 19 | കാഷ് അടിസ്ഥാനത്തിൽ രേഖപ്പെടുത്തുന്ന ഇനങ്ങൾ അതാത് വരവ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. | 1-1-18 |
| 20 | പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-1-19 |
| 21 | Prior Period -വൗച്ചറുകൾ സൂക്ഷിക്കുന്നില്ല. | 1-1-20 |
| 22 | ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ-വൗച്ചറുകൾ സൂക്ഷിക്കുന്നില്ല | 1-1-21 |
| 23 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-22 |

| | | |
|---|---|---|
| 24 | ഡിപ്രിസിയേഷൻ-രേഖകൾ ഹാജരാക്കിയിട്ടില്ല | 1-1-23 |
| 25 | ക്ലോസിങ് സ്റ്റോക്ക്-കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. | 1-1-24 |
| 26 | ബാലൻസ് ഷീറ്റ് ബി-4 പ്രകാരമുള്ള എല്ലാ തുകകൾക്കും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല | 1-1-25 |
| 27 | Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി. | 1-1-26 |
| 28 | പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ചേർത്തിട്ടില്ല. | 1-1-27 |
| 29 | ബാലൻസ് ഷീറ്റ് B-18 പ്രകാരമുള്ള താഴെ പറയുന്നവ അഡ്വാൻസ് രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. | 1-1-28 |
| 30 | സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല | 1-1-29 |
| 31 | രേഖകൾ ഹാജരാക്കിയിട്ടില്ല | 1-1-30 |
| 32 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ ഷെഡ്യൂൾ I-17(A)പ്രകാരം ആസ്തികളുടെ തേയ്മാനം കണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റിൽ ഉൾപ്പെടുന്ന Waterways ന് ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടില്ല. | 1-1-31 |
| 33 | തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. | 1-1-32 |
| 34 | സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | 1-1-33 |
| 35 | ബജറ്റ് | 1-2 |
| 36 | ഫണ്ട് വിനിയോഗം | 1-3 |
| 37 | പദ്ധതി അവലോകനം | 1-4 |
| 38 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 39 | ക്ഷേമപദ്ധതികൾ | 1-6 |
| 40 | ക്യാഷ് പരിശോധന | 1-7 |
| 41 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 42 | പഞ്ചായത്തിന്റെ നികുതി,നികുതിയേതര വിഭവസമാഹരണത്തിന്റെ കാര്യക്ഷമത - അവലോകനം | 1-9 |
| 43 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-10 |
| 44 | റേഷൻ കടകളും, അബ്കാരി ഷാപ്പുകളും ലൈസൻസ് ഇല്ലാതെയും, തൊഴിൽനികുതി അടവാക്കാതെയും പ്രവർത്തിക്കുന്നു | 1-11 |
| 45 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-12 |
| 46 | ആയുർവേദ സുഖചികിത്സ കേന്ദ്രത്തെ റിസോർട്ട് എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി - വസ്തുനികുതിയിൽ നഷ്ടം സംഭവിച്ചു | 1-13 |
| 47 | മതിയായ അനുമതികൾ ഇല്ലാതെ ക്വാറിയ്ക്ക്/ക്രഷറുകൾക്ക് ലൈസൻസ് പുതുക്കി നൽകി | 1-14 |
| 48 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ/ആശുപത്രികൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു | 1-15 |

| | | |
|---|---|---|
| 49 | വസ്തുനികുതി - നികുതി, ഉപനികുതി മുതലായവയിൽ നിന്ന് ഒഴിവാക്കൽ അപാകതകൾ | 1-16 |
| 50 | HMC വാർഷിക കണക്കുകളുടെ ഓഡിറ്റ് | 1-17 |
| 51 | നടപടിക്രമങ്ങൾ പാലിക്കാതെ എയർ കണ്ടീഷണർ വാങ്ങിച്ചു | 1-18 |
| 52 | സർക്കാർ ഉത്തരവിന് വിരുദ്ധമായി അസിസ്റ്റന്റ് സെക്രട്ടറിയ്ക്ക് ചുമതലയിൽപ്പെട്ട എസ്.സി വിഭാഗം പദ്ധതി ഹെഡ്മിസ്ട്രസ് നിർവ്വഹണം നടത്തി | 1-19 |
| 53 | പെയിൻ & പാലിയേറ്റീവ് പദ്ധതിയ്ക്കായി തെരഞ്ഞെടുത്ത വാഹനം ഒരേ ദിവസം രണ്ടു പദ്ധതികൾക്കായി സഞ്ചരിച്ചതിന് തുക ചെലവഴിച്ചു | 1-20 |
| 54 | പി.എച്ച്.സി മരുന്ന് വാങ്ങൽ അപാകതകൾ | 1-21 |
| 55 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 1-22 |
| 56 | ക്വട്ടേഷൻ രേഖകൾ ഹാജരാക്കിയില്ല - 46000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-23 |
| 57 | മെഡിക്കൽ ഓഫീസർ ഹോമിയോ നടപ്പിലാക്കിയ പദ്ധതിയിലെ അപാകതകൾ | 1-24 |
| 58 | പോഷകാഹാര പരിപാടി വിതരണക്കാരിൽ നിന്നും ജി.എസ്.റ്റി ടി.ഡി.എസ് ഈടാക്കിയില്ല. | 1-25 |
| 59 | ക്വട്ടേഷൻ നോട്ടീസിൽ പരസ്യപ്പെടുത്തിയ സ്പെസിഫിക്കേഷൻ പാലിക്കാതെ വാങ്ങൽ നടത്തി - ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-26 |
| 60 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ - അദ്ധ്യാപികയെ നിയമിച്ചതിലെയും വാഹനം വാടകയ്ക്ക് എടുത്തതിലെയും അപാകതകൾ | 1-27 |
| 61 | സാംസ്കാരിക നിലയങ്ങളിലേക്ക് ഉപകരണങ്ങൾ വാങ്ങിയതിലെ അപാകതകൾ - 154733 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-28 |
| 62 | ഇ-ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല. | 1-29 |
| 63 | കാലി ബാരലിന്റെ ജി.എസ്.ടി ഈടാക്കിയത് സർക്കാരിലേക്ക് അടവാക്കിയിട്ടില്ല. | 1-30 |
| 64 | പോല്പക്കര പൊതുകുളം സംരക്ഷണം ഫേസ് 2 ഉപയോഗപ്രദമാക്കേണ്ടതാണ്. | 1-31 |
| 65 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി | 1-32 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് തൻവർഷം ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |

| | | |
|---|---|---|
| 4 | വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-7 |
| 8 | ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളും ഖണ്ഡികകളും | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികകണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 29.07.2023 തീയതിയിലെ 1(1)-ാം നം. കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 31.07.2023 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള നടത്തറ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii)C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, നടത്തറ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**

**തീയതി : 16.12.2023**

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തൃശ്ശൂർ**

## 1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -15772386രൂപയാണ്.എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (7477984) രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

## 1-1-3 കാലാവധി കഴിഞ്ഞ ചെക്കുകൾ Liability In Respect Of State Cheque എന്ന ശീർഷകത്തിലേക്ക് മാറ്റി ബാങ്ക് ബുക്ക് ക്രമീകരിച്ചിട്ടില്ല

താഴെ ചേർത്തിരിക്കുന്ന മൂന്നുമാസ കാലാവധി കഴിഞ്ഞ ചെക്കുകൾ Liability In Respect Of State Cheque എന്ന ശീർഷകത്തിലേക്ക് മാറ്റി ബാങ്ക് ബുക്ക് ക്രമീകരിച്ചിട്ടില്ല

| ബാങ്ക് | അക്കൗണ്ട് നമ്പർ | ചെക്ക് നമ്പർ/ തീയതി | തുക |
|---|---|---|---|
| Moorkkanikkara Service Co-Operative Bank Ltd No-199 | 1787 | 8764/24.9.22 | 845 |

കാലാവധി കഴിഞ്ഞ ചെക്കുകൾ Liability In Respect Of State Cheque എന്ന ബാധ്യത ശീർഷകത്തിലേക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരുപ്പ് ക്രമീകരിച്ചിട്ടില്ല. (കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 ചട്ടം 46). ആയത് ക്രമീകരിക്കേണ്ടതാണ്.

## 1-1-4 "Directly Debited By Bank"-വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല

"Directly Debited By Bank" എന്ന ഇനത്തിൽതാഴെ പറയുംപ്രകാരം തുക ഉൾപ്പെടുത്തിയാണ്

റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

| Bank | തുക |
|---|---|
| Punjab National Bank<br>2588000100053761 | 100 |

ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ തിരികെ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും, പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ അത് ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്.

## 1-1-5 "Directly Credited By Bank" വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല

"Directly Credited By Bank" എന്ന ഇനത്തിൽ താഴെപ്പറയുന്ന തുകകൾ ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

Account Number- SBI 37063313994

| തീയതി | തുക |
|---|---|
| 26.10.21 | 200 |

Account Number- Moorkkanikkara Service Co-Operative Bank Ltd No. 199(1787)

| തീയതി | തുക |
|---|---|
| 31.8.21 | 2 |

ബാങ്കുമായി ബന്ധപ്പെട്ട് ഈ വരവ് പഞ്ചായത്തിന് അർഹതപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഇപ്രകാരം ചെയ്യാത്തതിനാൽ നാളിതു വരെ ഈ തുകകൾ പഞ്ചായത്തിന്റെ വാർഷികകണക്കിൽ ഉൾപ്പെടാതെ പോയി.

## 1-1-6 വസ്തു നികുതി -റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്.

എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3419854 | 3388867 | 25970 | 5301 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3419854 | 3388583 | 25970 | 5301 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *( 5571/105X100)= 5305 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1. കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

2. സഞ്ചയ സോഫ്റ്റ്‌വെയറിൽ യഥാർത്ഥ കളക്ഷനേക്കാൾ 284 രൂപ കൂടുതൽ പോസ്റ്റിംഗ് വന്നതായി കാണുന്നു. അതായത് രസീതിൽ ചേർക്കാതെ നേരിട്ട് ഡി.സി.ബി തയ്യാറാക്കുന്ന സോഫ്റ്റ്‌വെയറിൽ പോസ്റ്റിംഗ് നടത്തിയതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതാണ്.

**1-1-7 വസ്തു നികുതി -നോൺ-റെസിഡൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപെടുന്നില്ല .**

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2294556 | 2237066 | 20152 | 37373 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2294556 | 2237031 | 20152 | *37373 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *( 39245 /105X100)=37376 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

കളക്ഷൻ പൊരുത്തപ്പെടുന്നില്ല.

സഞ്ചയ സോഫ്റ്റ്‌വെയറിൽ യഥാർത്ഥ കളക്ഷനേക്കാൾ 35 രൂപ കൂടുതൽ പോസ്റ്റിംഗ് വന്നതായി കാണുന്നു. അതായത് രസീതിൽ ചേർക്കാതെ നേരിട്ട് ഡി.സി.ബി തയ്യാറാക്കുന്ന സോഫ്റ്റ്‌വെയറിൽ പോസ്റ്റിംഗ് നടത്തിയതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതാണ്.

**1-1-8 വസ്തു നികുതി കുടിശ്ശിക റെസിഡൻഷ്യൽ-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല .**

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 45377 | 20239 | 25147 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 43859 | 20230 | 25174 |
| | *(2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (13277+32775=46052/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (26433/105X100)=25174 |

1. ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ പൊരുത്തപ്പെടുന്നില്ല.

2. സഞ്ചയ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരുപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ് )=ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക

സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-1-9 വസ്തു നികുതി കുടിശ്ശിക-നോൺ-റെസിഡൻഷ്യൽ-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപെടുന്നില്ല

വസ്തു നികുതി കുടിശ്ശിക-നോൺ-റെസിഡൻഷ്യൽ-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 168374 | 45700 | 122680 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 144248 | 45696 | 122692 |
| | (2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(41286+110175=151461/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45 | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) **(128827/105X100)=122692 |

ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ പൊരുത്തപ്പെടുന്നില്ല.

സഞ്ചയ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി. രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരുപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ് )=ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-1-10 ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 175141 | 2313 | | 288970 | | | 270 | 1286 | 1556 |
| | നോൺ-റെസിഡൻഷ്യൽ | 115293 | 8442 | | | | | 1872 | 6149 | 8021 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | ആകെ | 290434 | 10755 | 301189 | 288970 | 2888 | | 9577 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 9465 | | | 289145 | | 291612 | 9577 |
| | | (2021-22ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 - State Govt . Cess/ Levies ലെഡ്ജർ | | | | | (431910101 -State Govt Cess/ Levies ലെഡ്ജർ 2022-23) | . (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) |

1. കളക്ഷൻ വ്യത്യാസപ്പെട്ടിരിക്കുന്നു

2. സഞ്ചയ സോഫ്റ്റ്‌വെയറിൽ യഥാർത്ഥ കളക്ഷനേക്കാൾ 175 രൂപ കുറവ് പോസ്റ്റിംഗ് വന്നതായി കാണുന്നു. അതായത് രസീതിൽ കൂടുതൽ രേഖപ്പെടുത്തി ഡി.സി.ബി തയ്യാറാക്കുന്ന സോഫ്റ്റ്‌വെയറിൽ പോസ്റ്റിംഗ് നടത്തിയതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതാണ്.

3. സഞ്ചയ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി. രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരുപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ് )=ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 289145രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 288970 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/Levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 291612 രൂപയാണ് (വൗച്ചർ 42100974 തീ 31.3.23).

## 1-1-11 വസ്തു നികുതി മുൻകൂർ-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2023 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ" സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് | സഞ്ചയ |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| | | ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 345313 | 330690 |
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 130791 | 328791 |

**1-1-12 വസ്തുനികുതി യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.**

1/4/2022 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള,അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2022-23 വർഷത്തിൽ നടത്തറ ഗ്രാമപഞ്ചായത്തിൽ 392 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2022-23 ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണയായി 31.3.23ൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ,

എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-1-13 വാർഷികകണക്കിലെയും ACR ലെയും തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു

വാർഷികകണക്കുപ്രകാരവും ACR പ്രകാരവും താഴെ പ്പറയുന്നവ വ്യത്യാസപ്പെട്ടിരിക്കുന്നു

MGNREGS-

| ശീർഷകം | ബാലൻസ് ഷീറ്റ് B-18 | ACR പ്രകാരമുള്ള തുക |
|---|---|---|
| 460500801 | 1171247 | 1235057 |

Contributions For Joint Venture Projects (For Revenue Expenditure ) -From District Panchayaths

| ശീർഷകം | ബാലൻസ് ഷീറ്റ് B-4 | ACR പ്രകാരമുള്ള തുക |
|---|---|---|
| 320700205 | 1639419 | 139419 |

## 1-1-14 മുൻകൂറായി ലഭിച്ച വരുമാനങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ ചേർത്ത് വാർഷികകണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ. നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2023 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/ Trad/Prof | 395310 |
| 2 | Licence Fees | 350410301-Advance Collection Of Revenues-Licence Fees For Factories, Traders, Entrepreneurs | 186800 |

| | | | |
|---|---|---|---|
| | | And Other Services | |

### 1-1-15 State Govt Levies In Property Tax" വ്യത്യാസം പരിഹരിക്കേണ്ടതാണ്.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 200076രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 9527 (200076/105X5 )ആണ്. എന്നാൽ ഈ ശീർഷകത്തിൽ 9577രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

### 1-1-16 രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

ലൈസൻസ് ഫീസ് ഡിമാന്റ് രജിസ്റ്റർ

വാടക ഡിമാന്റ് രജിസ്റ്റർ

ലൈബ്രറി രജിസ്റ്റർ

പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ററർ

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

ഭൂമി പാട്ടം കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ (എഴുതി സൂക്ഷിക്കുന്നില്ല.)

### 1-1-17 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല

ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ "460500201/ 460500202/460500206-Advance To Implementing Agencies" എന്ന ശീർഷകങ്ങളിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽ നിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്നമുറയ്ക്ക് മാത്രം അതത് ചെലവ്, ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം താഴെ ചേർന്നിരിക്കുന്ന പ്രവൃത്തികൾക്ക് മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ്, ആസ്തി ശീർഷകത്തിൽ

രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു. മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. (ഉദാഹരണം താഴെ ചേർത്തിരിക്കുന്നു)

| പ്രോജക്ട് | തുക | വൗച്ചർ നമ്പർ | ചെലവ് രേഖപ്പെടുത്തിയ ശീർഷകം | ചെലവ് രേഖപ്പെടുത്തേണ്ട ശീർഷകം |
|---|---|---|---|---|
| 269/23 ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 115362/- | 42201439/8.8.22 | 251200001 | 460 ൽ തുടങ്ങുന്ന ശീർഷകം |

**1-1-18 കാഷ് അടിസ്ഥാനത്തിൽ രേഖപെടുത്തുന്ന ഇനങ്ങൾ അതാത് വരവ് രജിസ്റ്ററുമായി പൊരുത്തപെടുന്നില്ല.**

കാഷ് അടിസ്ഥാനത്തിൽ (അക്രൂവൽ അല്ലാതെ) രേഖപ്പെടുത്തുന്ന താഴെ ചേർത്തിരിക്കുന്ന ഇനങ്ങൾ അതാത് വരവ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരം വരുമാനമായി ചേർത്ത തുക | റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം | രജിസ്റ്റർ പ്രകാരം കളക്ഷൻ |
|---|---|---|---|
| 150120102 Receipts From Sale Of Scrap /Empties And Waste Materials | 75979 | 54983 | 20800 |
| 150120103 Receipts From Auction Of Obsolete Assets | 180171 | 180171 | 176600 |

## 1-1-19 പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും, വാടകയിനത്തിലും കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-20 Prior Period -വൗച്ചറുകൾ സൂക്ഷിക്കുന്നില്ല.

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-19) പ്രകാരം താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് ,ഷെഡ്യൂൾ I-19) | 31/3/2023ലെ ലെഡ്ജർ ബാക്കി |
|---|---|
| 190100101-Prior Period Income -Property Tax | 28277 |
| 190100102-Prior Period Income-Profession Tax -Institutions /Professionals /Traders | 54010 |
| 190200101-Prior Period Income-Rent From Building | 11823 |
| 190200201-Prior Period Income-License Fees | 29340 |
| 190200401-Prior Period Income-Other Incomes | -15377 |

## 1-1-21 ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ-വൗച്ചറുകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ

എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-1-22 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കിയിരിക്കുന്നത്

## 1-1-23 ഡിപ്രിസിയേഷൻ-രേഖകൾ ഹാജരാക്കിയിട്ടില്ല

2022-23 വർഷത്തെ Income And Expenditureപത്രിക പ്രകാരം 7513903 രൂപ ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-1-24 ക്ലോസിങ് സ്റ്റോക്ക്-കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്ക് ഇല്ല. സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കാത്തതിനാൽ വർഷാന്ത്യമൂല്യം കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

## 1-1-25 ബാലൻസ് ഷീറ്റ് ബി-4 പ്രകാരമുള്ള എല്ലാ തുകകൾക്കും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-4 പ്രകാരമുള്ള താഴെ പറയുന്നവയുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| ക്രമനമ്പർ | ശീർഷകം | ഹെഡ് | തുക |
|---|---|---|---|
| 1 | 320100192 | Flood Relief Grant | 332180 |
| 2 | 320100201 | Grants For Specific Purposes-Health Grant | 57149 |
| 3 | 320100202 | Grants For Purposes-Health Grant Towards Support For Diagnostic Infra Structure To The PHC'S | 17681 |
| 4 | 320100999 | Other Liabilities | 5414 |
| 5 | 320200104 | CFC Grant-Basic Tax Grant | 42248 |

| | | | |
|---|---|---|---|
| 6 | 320200113 | CFC Grant-Tied Fund | 766869 |

## 1-1-26 Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി.

Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കിയതിന്റെ വിവരങ്ങൾ

| | |
|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | 175450138എ |
| ആകെ ചെലവ് (B) | 180224348 |
| മിച്ചം തുക C= A-B | -4774210 |
| Prior Period Income | 108073 |
| Prior Period Expenditure | 0 |
| Net Difference Between Prior Period Income And Expenses ( D ) | 108073 |
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D | -4666137 |

എന്നാൽ ഫോർമുല പ്രകാരം (E) =C-D എന്ന് ചേർത്തിട്ടുള്ളതിനാൽ -4774210ൽ നിന്നും 108073 കുറച്ചപ്പോൾ ലഭിച്ച -4882283/- രൂപയാണ് Income Over Expenditure Account ൽ മിച്ച തുകയായി ചേർത്തിട്ടുള്ളത്. എന്നാൽ യഥാർത്ഥത്തിൽ Income Over Expenditure Account ൽ മിച്ച തുകയായി വരേണ്ടത് – 4666137 രൂപയാണ്. മിച്ചതുക ക്രമീകരിച്ചതിനു ശേഷം B1 ഷെഡ്യൂളിൽ Excess Of Income Over Expenditure Account ൽ വരേണ്ടിയിരുന്ന തുക -734240 രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റിൽ -8598034 രൂപ എന്ന് തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

കുറിപ്പ്- Income And Expenditure Schedule ൽ Expenditure ശീർഷകത്തിൽ തൻ വർഷ ചെലവുകളോടൊപ്പം 190000000- Prior Period Income എന്ന ശീർഷകത്തിൽ 108073 രൂപ ചേർത്തിട്ടുണ്ട്. എന്നാൽ ആയത് ആകെ ചെലവ് തുകയിൽ കണക്കാക്കിയിട്ടില്ല.

സോഫ്റ്റ്‌വെയറുമായി ബന്ധപ്പെട്ട അപാകതകൾ IKM ന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കേണ്ടതാണ്.

## 1-1-27 പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ചേർത്തിട്ടില്ല.

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമനമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 450240148<br>PNB ജലജീവൻ മിഷൻ | 25880001001067 | 856307 |
| . Keraleeyam<br>2 | 450210101<br>ഭവനനിധി | 40728101003703 | 12983 |

## 1-1-28 ബാലൻസ് ഷീറ്റ് B-18 പ്രകാരമുള്ള താഴെ പറയുന്നവ അഡ്വാൻസ് രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

| ശീർഷകം | ഹെഡ് | തുക |
|---|---|---|
| 460100103 | Temporary Advance For Official Purposes | 340000 |
| 460500202 | Advance To Implementing Agencies – Deposit With Kerala Electricity Board | 215629 |
| 460100102 | Permanent Advance /Imrest | 200 |

## 1-1-29 സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല

പ്രോജക്റ്റ് നമ്പർ S083/23 ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ (തുക96111/- , വൗച്ചർ നമ്പർ 42201423/4.6.22, വികസനഫണ്ട് -ജനറൽ) സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

## 1-1-30 രേഖകൾ ഹാജരാക്കിയിട്ടില്ല

ബാലൻസ്ഷീറ്റ് പ്രകാരം ബി-17 ൽ 450210104 -Treasury Account Of Traditional Functions Fund എന്ന ഹെഡ്ഡിൽ 14831 രൂപ കാണുന്നു. ആയത് പരിശോധിക്കാൻ ആവശ്യമായ ട്രഷറി അക്കൗണ്ട് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല. ഈ തുക ബാങ്ക് ബുക്കിൽ ഉൾപ്പട്ടിട്ടില്ലാത്തതായും കാണുന്നു.

## 1-1-31 ഇൻകം ആന്റ് എക്സ്പെൻഡിച്ചർ ഷെഡ്യൂൾ I-17(A)പ്രകാരം ആസ്തികളുടെ തേയ്മാനം കണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റിൽ ഉൾപ്പെടുന്ന Waterways ന് ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടില്ല.

| ക്ര.ന | ആസ്തി -ശീർഷകം | 31/3/2023 ലെ മൂല്യം |
|---|---|---|
| 1 | 416100104 | -849754 |

## 1-1-32 തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-6) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും 17535529 രൂപയാണ്. കാഷ്ബുക്ക് പ്രകാരമുള്ള തുക 17535704 രൂപയാണ്.

## 1-1-33 സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58,4(എ).

## 1-2 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 26.03.2022, തീരുമാനം നം.1 | |
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ | വരവ് | ചെലവ് |
| | 219007000 | 220935455 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 8.03.2023, തീരുമാനം നം.2(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 230619271 | 251181956 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് / ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ (Grant Statement പ്രകാരം) | 0 | 21639000 | 21639000 | 21202289 | 436711 |
| വികസന ഫണ്ട്- എസ്.സി.പി (Grant Statement പ്രകാരം) | 0 | 5234000 | 5234000 | 5153906 | 80094 |
| വികസന ഫണ്ട്- ടി.എസ്.പി (Grant Statement | 0 | 324000 | 324000 | 324000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| പ്രകാരം) | | | | | | |
| മെയിന്റനൻസ്, റോഡ് (Grant Statement പ്രകാരം) | | 0 | 10369000 | 10369000 | 10369000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (Grant Statement പ്രകാരം) | | 0 | 4640965 | 4640965 | 255902 | 4385063 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Tied | ബാങ്ക് | 1554432 | 4980000 | 6534432 | 5767563 | 766869 |
| | ട്രഷറി | 0 | 297847 | 297847 | 297847 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ബേസിക് ഗ്രാന്റ് | ബാങ്ക് | 680329 | 3507536 | 4187865 | 4145617 | 42248 |
| | ട്രഷറി | 0 | 0 | 0 | 0 | 0 |
| ടോട്ടൽ സാനിറ്റേഷൻ | | 440156 | 0 | 440156 | 251200 | 188956 |
| എം.എൻ. ലക്ഷം വീട് | | 514157 | 0 | 514157 | 0 | 514157 |
| ബഡ്സ് സ്കൂൾ ഫണ്ട് | | 1061675 | 0 | 1061675 | 0 | 1061675 |
| വിമുക്തി | | 3895 | 0 | 3895 | 3895 | 0 |
| കിഫ്ബി ഫണ്ട് | | 2210000 | 328000 | 2538000 | 1879798 | 658202 |
| SBM Fund | | 0 | 48000 | 48000 | 48000 | 0 |
| Life State Share | | 150000 | 0 | 150000 | 150000 | 0 |

| | | | | | |
|---|---|---|---|---|---|
| Nagarasanchaya (Corporation) | 10257727 | 12252578 | 22510305 | 22490735 | 19570 |

കുറിപ്പ് – സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്- എസ്.സി.പി. എന്നീയിനങ്ങളിൽ ലഭിച്ച വരവുകളിൽ അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് മിഷൻ വായ്പാതിരിച്ചടവ് എന്നീയിനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടുന്നില്ല. എന്നാൽ പ്രസ്തുത ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഉൾപ്പെടുന്നുമുണ്ട്. ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ കൂടി ഉൾപ്പെടുത്തിയാണ് മേൽ പട്ടികയിൽ വരവുകളും ചെലവുകളും രേഖപ്പെടുത്തിയിരിക്കുന്നത്. ബി-4 ഷെഡ്യൂളിൽ നീക്കിയിരിപ്പ് ചേർത്തിട്ടുള്ള മറ്റ് ഫണ്ടുകളുടെ മാന്വൽ എ.സി.ആർ എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത ഫണ്ടുകളുടെ വിശദാംശങ്ങൾ ചേർക്കാൻ കഴിഞ്ഞിട്ടില്ല.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 229 | 153002943 | 206 | 92638019 | 60.54% | 89.95% |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 580775 | 580775 | 580775 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 12473465 | 12473465 | 12473465 | 0 |
| മെറ്റീരിയൽ വർക്കിന് നൽകിയത് | 0 | 4481289 | 4481289 | 4481289 | 0 |
| | 0 | 17535529 | 17535529 | 17535529 | 0 |

## 1-6 ക്ഷേമപദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താകളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | ഇല്ല | ഇല്ല |
| കർഷകത്തൊഴിലാളി പെൻഷൻ | 3140400 | 291 |

| | | |
|---|---|---|
| വിധവാ പെൻഷൻ | 15583400 | 1512 |
| വാർധക്യകാല പെൻഷൻ | 27883200 | 2863 |
| വികലാംഗ പെൻഷൻ | 3526200 | 328 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2241000 | 213 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.10.2023 തീയതിയിൽ 3:00PM ന് ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 50722/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-9 പഞ്ചായത്തിന്റെ നികുതി,നികുതിയേതര വിഭവസമാഹരണത്തിന്റെ കാര്യക്ഷമത - അവലോകനം

**I) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം**

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് പരിശോധിച്ചതിൻ പ്രകാരം വസ്തുനികുതി, ലൈസൻസ് എന്നിവയിലെ വരവുകളും ലഭിക്കാനുള്ള തുകയും സംബന്ധിച്ച് ഒക്ടോബർ മാസത്തിനുശേഷമുള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലും, പഞ്ചായത്ത് കമ്മിറ്റിയിലും ചർച്ച ചെയ്തിട്ടുണ്ട്. കുടിശ്ശിക നിവാരണവുമായി ബന്ധപ്പെട്ട് നികുതി കുടിശ്ശിക വരുത്തിയ നികുതിദായകരുടെ വീട്ടിൽ കുടുംബശ്രീ മുഖേന ഡിമാൻഡ് നോട്ടീസുകൾ എത്തിച്ചു നൽകുകയും, പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ ക്യാമ്പ് കളക്ഷൻ സെന്ററുകൾ പ്രവർത്തിപ്പിക്കുകയും കുടിശ്ശിക വരുത്തിയവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതിനാലും തൻ വർഷം 100% നികുതി പിരിവ് പൂർത്തീകരിച്ചിട്ടുണ്ട്. 01.06.2022ലെ സ.ഉ.(കൈ)നം.117/2022/തസ്വഭവ പ്രകാരമുള്ള കുടിശ്ശിക രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. നികുതി - നികുതിയേതര പിരിവിന്റെ അവലോകനം ഗ്രാമസഭകളിലും വാർഡ് മീറ്റിങ്ങുകളിലും നടത്താറില്ല (ഓഡിറ്റ് അന്വേഷണം നം.01/06.10.2023).

**2) വസ്തുനികുതി**

സർക്കാരിന്റെ 01.04.2023 ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ശിപാർശയോടെ ഭരണസമിതി അംഗീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ഓരോ കെട്ടിട വിഭാഗത്തിന്റെയും അടിസ്ഥാന നിരക്കുകൾ വിജ്ഞാപനം ചെയ്യുകയും, സഞ്ചയ സോഫ്റ്റ്‌വെയറിൽ അപ്ഡേഷൻ നടത്തുകയും ചെയ്തിട്ടുണ്ട്. നിലവിൽ പുതുക്കിയ നിരക്കിൽ വസ്തുനികുതി ഈടാക്കുന്നുണ്ടെങ്കിലും

ഡാറ്റാ പ്യൂരിഫിക്കേഷൻ നടത്തി ഡാറ്റാ ലോക്ക് ചെയ്തിട്ടില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും) സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം പഞ്ചായത്തിനെ പൂർണ്ണമായും പ്രഥമ മേഖലയായാണ് തെരഞ്ഞെടുത്തിരിക്കുന്നത്, ആയതിനോടൊപ്പം റോഡ് മാപ്പും തയ്യാറാക്കിയിട്ടുണ്ട്. അനധികൃത കെട്ടിട നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനുള്ള ഫീൽഡ് പരിശോധന വസ്തുനികുതിയുമായി ബന്ധപ്പെട്ട ഡാറ്റ കളക്ഷനോടൊപ്പം നടത്തുന്നതാണെന്നും, അനധികൃത കെട്ടിടങ്ങൾ കണ്ടെത്തി വസ്തുനികുതി ചുമത്തുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി നൽകിയിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.01/06.10.2023).

**3) സേവന ഉപനികുതി**

പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (ജലവിതരണം ശുചിത്വ പരിപാലനം തെരുവുവിളക്കുകൾ ഡ്രൈനേജ് തുടങ്ങിയവ) ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്യാവുന്നതാണ്. നിലവിൽ വസ്തുനികുതിയുടെ 10% എന്ന കണക്കിൽ വസ്തുനികുതിയോടൊപ്പം സേവന ഉപനികുതി ഈടാക്കുന്നുണ്ട്. പഞ്ചായത്ത് പരിധിയിൽ കേന്ദ്രസർക്കാർ സ്ഥാപനങ്ങളൊന്നും തന്നെ പ്രവർത്തിക്കാത്തതിനാൽ സർവീസ് ചാർജ് ഇനത്തിൽ പഞ്ചായത്തിന് വരുമാനമൊന്നുമില്ല.

**4) തൊഴിൽ നികുതി**

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ (മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ), സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങിയവരുടെ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നുണ്ട്. എന്നാൽ ആയതിൽ പഞ്ചായത്ത് പരിധിയിലെ റേഷൻ വ്യാപാരികളുടെ വിവരങ്ങളും, ഒന്നിൽ കൂടുതൽ തൊഴിലാളികളുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വിവരങ്ങളും, അബ്കാരി ഷാപ്പുകൾ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, വാഹന ഉടമകൾ എന്നിവരുടെ വിവരങ്ങളൊന്നും ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ തൊഴിൽനികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ വ്യക്തികളുടെ സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കേണ്ടതും ആയവരിൽ നിന്നും തൊഴിൽനികുതി ഡിമാൻഡ് ചെയ്ത് ഈടാക്കേണ്ടതുമാണ്.

**5) വിനോദനികുതി**

പഞ്ചായത്ത് പരിധിയിൽ അമ്യൂസ്മെന്റ് പാർക്ക്, ഇൻഡോർ ക്ലബ്/സ്റ്റേഡിയം, നീന്തൽകുളങ്ങൾ, വിനോദസഞ്ചാരസാധ്യതകൾ ഉള്ള സിപ്പ് ലൈൻ (റോപ്പ് വേ), ഗ്ലാസ് ബ്രിഡ്ജ്, ഹൗസ് ബോട്ട് എന്നിവയൊന്നും തന്നെ പ്രവർത്തിക്കുന്നില്ല. 2022-23 സാമ്പത്തികവർഷത്തിൽ പഞ്ചായത്ത് പരിധിയിൽ വിപണനമേളകൾ ഒന്നും തന്നെ നടന്നിട്ടില്ല. പഞ്ചായത്ത് പരിധിയിൽ ഒരു ടർഫ് കോർട്ട് പ്രവർത്തിച്ചു വരുന്നുണ്ട്. ആയതിൽ നിന്നും വിനോദനികുതി ഈടാക്കാനാവുമോ എന്നത് സംബന്ധിച്ച് സർക്കാരിലേക്ക് ശുപാർശ അയക്കാവുന്നതാണ്.

**6) നികുതിയേതര വരവുകൾ**

(1) വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ

ഗ്രാമപഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി വരുന്നുണ്ട്. പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് കൃത്യമായി ഈടാക്കുന്നുണ്ട്. കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും) ലൈസൻസ് നൽകൽ, ഭേദഗതി ചട്ടങ്ങൾ, 2017ലെ ചട്ടം 18, 21, 24 എന്നിവ പ്രകാരം പരിശോധന നടത്തിയിട്ടുണ്ട്.

(2) ലേലം, ഫലവൃക്ഷങ്ങൾ എന്നിവയിൽ നിന്നുള്ള ആദായം സംബന്ധിച്ച പരിശോധന

പഞ്ചായത്തിന്റെ അധീനതയിൽ 3 ഷോപ്പിംഗ് കോംപ്ലക്സുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ആയതിൽ പൂച്ചട്ടി ഷോപ്പിംഗ് കോംപ്ലക്സിലെ XIII/477,XIII/480,XIII/481 എന്നീ മുറികൾ ഷട്ടറുകൾ ദ്രവിച്ചു പോയതിനാലും, ആയത് റിപ്പയർ ചെയ്യേണ്ടതിനാലും വാടകയ്ക്ക് നൽകിയിട്ടില്ല. കാലഹരണപ്പെട്ട ആസ്തികൾ ലേലം ചെയ്യുന്നതു സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ട്. ആയതിൽ മരങ്ങളുടെ ലേലവും, മണ്ണ് ലേലവും യഥാസമയം നടത്തിയിട്ടുണ്ട്. ആംബുലൻസ്, കാർഷികയന്ത്രങ്ങൾ തുടങ്ങിയവയിൽ നിന്നും പഞ്ചായത്തിന് വാടകയില്ല.

(3) മറ്റിനങ്ങൾ

പ്രാദേശിക/പാരിസ്ഥിതിക അവസ്ഥയ്ക്കനുസരിച്ച് ലഭ്യമാകാവുന്ന വരവുകൾ (നിലവിൽ ലഭിക്കുന്നത്/ഭാവിയിൽ വരുമാന മാർഗ്ഗമാക്കാവുന്നത്) കണ്ടെത്തിയിട്ടില്ല. ആയത് സംബന്ധിച്ച് സാധ്യതാപഠനത്തിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ചു കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ്. (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).

എന്നാൽ 2022-23 സാമ്പത്തികവർഷത്തെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്ററും സ്ഥാപനങ്ങൾ FACTEOS ലൈസൻസിനായി സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷകളും പരിശോധിച്ചപ്പോൾ ഒന്നിൽ കൂടുതൽ ജീവനക്കാരുള്ള ചുവടെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപനം പ്രവർത്തിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ എണ്ണം അപേക്ഷയിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ഈ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിൽ മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് അന്വേഷണം നം.22/12.10.2023) ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ സ്ഥാപന

ഉടമകൾക്ക് നോട്ടീസ് നൽകി ജീവനക്കാർ തൊഴിൽനികുതി നിർണ്ണയ സ്ലാബിൽ ഉൾപ്പെടുന്നുണ്ടെങ്കിൽ നിയമാനുസൃത തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനം | കെട്ടിട നമ്പർ | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1. | അബ്ബ പ്ലാസ്റ്റിക്സ് | 4/205 | 4 |
| 2. | സിറ്റി ബേക്കേഴ്സ് & സെലിബ്രേഷന്സ് | 11/428 | 4 |
| 3. | ഹൈ സ്ക്വയർ ഇൻഡസ്ട്രീസ് & ട്രേഡേഴ്സ് | 7/91 | 6 |
| 4. | ഷാസൺസ് റസ്റ്ററന്റ് | 17/521 | 5 |
| 5. | ഗേവിൻ ഫെറോ ഫുഡ് | 2/19 | 4 |
| 6. | മാക്സ് പോളിക്ലിനിക്ക് & മാക്സ് മെഡിക്കൽസ് | 13/279 | 3 |
| 7. | ജോർ മീറ്റ് സ്റ്റോക്ക് പോയിന്റ് | 8/341 | 3 |
| 8. | സൗന്ദര്യ ചോയ്സ് | 11/325 | 3 |
| 9. | റിവർ വാലി ഓഡിറ്റോറിയം & റസ്റ്ററന്റ് | 14/410 | 3 |
| 10. | മൂർക്കത്തുവളപ്പിൽ ജ്വല്ലറി വർക്ക്സ് | 10/161A | 3 |
| 11. | അതുൽ ഹോളോബ്രിക്ക്സ് | 5/208 | 5 |
| 12 | ഹൈബ്രോഡ് ഇലക്ട്രോഡ് | 17/579 | 6 |
| 13 | മാടിക്സ് ഡിസ്ട്രിബ്യൂഷൻ ഹൗസ് പ്രൈവറ്റ് ലിമിറ്റഡ് | I/28B,28C | 20 |

| | | | |
|---|---|---|---|
| 14 | ചേറ്റുപുഴക്കാരൻ ഏജൻസീസ് | 2/146 | 4 |
| 15 | മെറ്റൽ ക്രാഫ്റ്റ് വർക്ക് ഷോപ്പ് | 2/225A | 5 |
| 16 | കോനിക്കര ഹൈ ടെക്ക് ലബോറട്ടറി & ഇസിജി | 17/515 | 4 |
| 16 | ശാന്തി ഹെർബൽ പ്രൊഡക്ട്സ് | 3/317A | 3 |
| 17 | ആൽഫ ട്രെഡ്സ് | 6/159 | 4 |
| 18 | മാർജിൻ ഫ്രീ ഹോളോബ്രിക്ക്സ് | 9/167 | 3 |
| 19 | സെയ്ന്റ്.ജോസഫ് ക്ലേ & കോൺക്രീറ്റ് | 9/465 | 6 |
| 20 | നേച്ചർ ഫുഡ്സ് | 10/444C | 4 |
| 21 | ഗോകുൽ കൃഷ്ണ എഞ്ചിനീറിംഗ് വർക്ക്സ് | 8/518 | 4 |
| 22 | KK ട്രേയേഴ്സ് | 5/465A | 4 |

**1-11 റേഷൻ കടകളും, അബ്കാരി ഷാപ്പുകളും ലൈസൻസ് ഇല്ലാതെയും, തൊഴിൽനികുതി അടവാക്കാതെയും പ്രവർത്തിക്കുന്നു**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232-ാം വകുപ്പ് പ്രകാരം ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ല. കൂടാതെ 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം.149 പ്രകാരം റേഷൻ കട, ക്രമ നം.139 പ്രകാരം അബ്കാരി ഷാപ്പുകൾ എന്നിവയ്ക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. നിലവിലുള്ള ചട്ടങ്ങൾ പ്രകാരം റേഷൻ കടകളെ ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവയിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലെന്ന് 22.01.2019 ലെ (സി.എസ്)എ9-764/2019 കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ 2022-23 സാമ്പത്തികവർഷത്തെ ലൈസൻസ് രജിസ്റ്ററും, തൊഴിൽനികുതി ഡിമാൻഡ് രജിസ്റ്ററും പരിശോധിച്ചപ്പോൾ

റേഷൻ കടകളും, അബ്കാരി ഷോപ്പുകളും ലൈസൻസ് എടുക്കുകയോ, തൊഴിൽനികുതി അടവാക്കുകയോ ചെയ്യിട്ടില്ല. ആയതിനാൽ നടത്തറ ഗ്രാമപഞ്ചായത്തിൽ ആകെ എത്ര റേഷൻ കടകൾ, അബ്കാരി ഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ടെന്ന വിവരം നൽകേണ്ടതോടൊപ്പം ആയവ ലൈസൻസ് എടുക്കാതെയും, തൊഴിൽനികുതി അടവാക്കാതെയും പ്രവർത്തിക്കുന്നതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.15/12.10.2023) പഞ്ചായത്ത് പരിധിയിൽ 11 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെന്നും ആയവയ്ക്ക് ലൈസൻസ് എടുക്കുന്നതിന് നോട്ടീസ് നൽകിയതിന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലൈസൻസ് എടുക്കുന്നതിനെതിരെ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)No.14888 2022(1) നമ്പർ കേസ് സംബന്ധിച്ചും, കേസിൽ വിധിയാകുന്നത് വരെ ലൈസൻസ് എടുക്കേണ്ടതില്ലെന്ന് റേഷൻ വ്യാപാരികളുടെ അസോസിയേഷൻ തീരുമാനിച്ചിട്ടുണ്ടെന്ന മറുപടിയാണ് റേഷൻ വ്യാപാരികൾ നൽകിയതെന്ന് മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത കേസിൽ നാളിതുവരെ യാതൊരു വിധിയും ബഹു. ഹൈക്കോടതിയിൽ നിന്നുണ്ടായിട്ടില്ല. ഈ സാഹചര്യത്തിൽ പഞ്ചായത്തിൽ പരിധിയിൽ റേഷൻ കടകൾ പ്രവർത്തിക്കുന്നതിനുള്ള ലൈസൻസ് എടുക്കുന്നതിനും, തൊഴിൽ നികുതി അടവാക്കാനുള്ള നിർദ്ദേശം നൽകുന്നതാണെന്നും ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന റേഷൻ ഷോപ്പുകളുടെ സിവിൽ സപ്ലൈസ് ലൈസൻസ് റദ്ദാക്കുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ ജില്ലാ സപ്ലൈ ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ പഞ്ചായത്ത് പരിധിയിലെ 11 റേഷൻ കടകളെകൊണ്ട് ലൈസൻസ് എടുപ്പിക്കേണ്ടതും, തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്. ആയതിനോടൊപ്പം പഞ്ചായത്ത് പരിധിയിലെ അബ്കാരി ഷോപ്പുകളുടെ ആകെ എണ്ണം കണക്കാക്കി ആയവയെകൊണ്ട് ലൈസൻസ് എടുപ്പിക്കേണ്ടതും, തൊഴിൽനികുതി ഈടാക്കേണ്ടതും വിവരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

## 1-12 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ചു കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ്. (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).

ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ അംഗീകൃത കരാറുകാരിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡിപ്പാർട്ട്മെന്റ് & എഞ്ചിനീയറിംഗ് വിംഗിൽ നിന്നും ലഭ്യമാക്കിയ രേഖകൾ പ്രകാരം ചുവടെ പറയുന്ന കരാറുകാർ 2022-23 സാമ്പത്തികവർഷം പഞ്ചായത്ത് നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ 2022-23 സാമ്പത്തികവർഷത്തെ തൊഴിൽനികുതി ഡിമാൻഡ് രജിസ്റ്റർ പ്രകാരം പ്രസ്തുത കോൺട്രാക്ടർമാരിൽ നിന്നും, പഞ്ചായത്ത് പരിധിയിലെ അംഗീകൃത കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ശിവൻ സി.ജി

2. രതീഷ് ടി

3. ജോമിൽ ആന്റണി

4. ഗോപാലൻ പി.ആർ

5. അജയ്കുമാർ കെ

6. സുരേഷ് ടി.എൻ

7. ബിജീഷ് എൻ.സി

8. ജോർജ്ജ് എം.വൈ

9. ജയൻ വി.ടി

10. ശശി.ആർ

11. സാബു ഓ.കെ

12. എൽദോ കുര്യൻ എ

13. ഗോഗിൻ എം

മേൽ പരാമർശിച്ച കരാറുകാരിൽ നിന്നും തുക ഈടാക്കുകയോ അഥവാ അവർ മറ്റു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുകയോ അല്ലാത്തപക്ഷം പ്രസ്തുത കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാത്തതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് അന്വേഷണം നം.11/12.10.2023) തൊഴിൽനികുതി അടവാക്കുന്നതിന് പ്രസ്തുത കരാറുകാർക്ക് നോട്ടീസ് നൽകിയിട്ടുള്ളതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ ടി കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതും വിവരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

## 1-13 ആയുർവേദ സുഖചികിത്സ കേന്ദ്രത്തെ റിസോർട്ട് എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി - വസ്തുനികുതിയിൽ നഷ്ടം സംഭവിച്ചു

നടത്തറ ഗ്രാമപഞ്ചായത്തിൽ വിവിധ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് താഴെ പറയുന്ന നിരക്കിലാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

| ക്രമ നം. | ഇനം | നിരക്ക്(രൂപ/ ച.മീ) |
|---|---|---|
| 1. | റിസോർട്ടുകൾ | 80 |
| 2. | ആയുർവേദ സുഖചികിത്സ | 150 |

| | കേന്ദ്രങ്ങൾ | |
|---|---|---|

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചപ്പോൾ ശ്രീധരി ആയുർവേദ റിസോർട്ട് എന്ന സ്ഥാപനത്തിന് 5/106(150m2), 5/107(40m2), 5/108(40m2), 5/109(70m2) എന്നീ കെട്ടിട നമ്പറുകൾ അനുവദിച്ചിട്ടുള്ളതാണ്. പ്രസ്തുത സ്ഥാപനത്തെ റിസോർട്ട് എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി ഈടാക്കി വരുന്നുണ്ട്. എന്നാൽ ടി സ്ഥാപനത്തിന്റെ ഔദ്യോഗിക വെബ്സൈറ്റ് പരിശോധിച്ചപ്പോൾ സ്ഥാപനം നൽകുന്ന ആയുർവേദ ട്രീറ്റ്മെന്റുകളുടെയും, ആയതിന്റെ വിശദാംശങ്ങളുടെയും, ചികിത്സയ്ക്ക് ഈടാക്കുന്ന തുകയുടെയും വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പ്രസ്തുത സ്ഥാപനം 2022-23 സാമ്പത്തികവർഷം പാരാമെഡിക്കൽ രജിസ്ട്രേഷനും എടുത്തിട്ടുണ്ട്. ആയതിനാൽ പ്രസ്തുത സ്ഥാപനത്തെ ആയുർവേദ സുഖചികിത്സ കേന്ദ്രങ്ങൾ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്താവുന്നതാണ്. ഇപ്രകാരം പ്രസ്തുത സ്ഥാപനത്തിന്റെ ഉപയോഗക്രമം തെറ്റായി നിർണ്ണയിച്ചതിലൂടെ വസ്തുനികുതിയിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. ടി സ്ഥാപനത്തിന്റെ ഉപയോഗക്രമം തെറ്റായി നിർണ്ണയിച്ചതിന് കാരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.28/13.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ സഞ്ചയയിൽ പ്രസ്തുത സ്ഥാപനത്തിന്റെ ഉപയോഗക്രമത്തിൽ മാറ്റം വരുത്തി വസ്തുനികുതി പുനർനിർണ്ണയിക്കുകയും, കുടിശ്ശിക സഹിതം ഈടാക്കുകയും ചെയ്യേണ്ടതാണ്.

## 1-14 മതിയായ അനുമതികൾ ഇല്ലാതെ ക്വാറിയ്ക്ക്/ക്രഷറുകൾക്ക് ലൈസൻസ് പുതുക്കി നൽകി

കേരള പഞ്ചായത്ത് രാജ് നിയമം 1994 വകുപ്പ് 232,233 പ്രകാരവും 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരവും ക്രഷർ പ്രവർത്തിപ്പിക്കുന്നതിന് ചുവടെ പറയുന്ന അനുമതികൾ ആവശ്യമാണ്.

1. മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുമുള്ള അനുമതി

2. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്നുമുള്ള ക്വാറിയിംഗ് പെർമിറ്റ്

ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ നിലവിൽ പ്രവർത്തിക്കാത്ത നടത്തറ ഗ്രാമപഞ്ചായത്തിലെ വലക്കാവ് ഗ്രാനൈറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ക്രഷർ പ്രവർത്തിപ്പിക്കുന്നതിന് 2022-23 സാമ്പത്തികവർഷം പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനത്തിന് ലൈസൻസ് നൽകിയതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചപ്പോൾ ആയതിൽ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷയും, മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുമുള്ള അനുമതിയും മാത്രമാണ് ഉണ്ടായിരുന്നത്. മതിയായ അനുമതികൾ ഇല്ലാതെയും, അനുബന്ധ രേഖകൾ ഹാജരാക്കാതെയും മേൽപറഞ്ഞ ക്രഷറിന് പ്രവർത്തിക്കാൻ ലൈസൻസ് അനുവദിച്ചതിന് കാരണം ലഭ്യമാക്കേണ്ടതാണ്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.13/12.10.2023)

## 1-15 പാരാമെഡിക്കൽ സ്ഥാപനങ്ങൾ/ആശുപത്രികൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു

കേരള പഞ്ചായത്ത് രാജ് നിയമം 1994 ലെ വകുപ്പ് 270 ൽ (1) പ്രകാരം ഗ്രാമപഞ്ചായത്തിൽ മുൻകൂറായി രജിസ്റ്റർ ചെയ്യാതെ, ആ ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിനുള്ളിൽ യാതൊരു ആശുപത്രിയും പാരാമെഡിക്കൽ സ്ഥാപനങ്ങളും സ്ഥാപിക്കാൻ പാടുള്ളതല്ല. മുൻകൂറായി രജിസ്റ്റർ ചെയ്യാതെയോ അല്ലെങ്കിൽ രജിസ്ട്രേഷൻ റദ്ദ് ചെയ്തതിനുശേഷം പഞ്ചായത്ത് പരിധിയിൽ പാരാമെഡിക്കൽ സ്ഥാപനം/സ്വകാര്യ ആശുപത്രി പ്രവർത്തിക്കുന്ന കുറ്റസ്ഥാപനത്തിന്മേൽ കേരള പഞ്ചായത്ത് രാജ് നിയമം 1994 ലെ വകുപ്പ് 270 (എ) പ്രകാരവും പ്രൈവറ്റ് ഹോസ്പിറ്റലുകളുടെയും,പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ചട്ടങ്ങൾ 1997 ലെ ചട്ടം 8 പ്രകാരവും അയ്യായിരം രൂപവരെ ആകാവുന്ന പിഴശിക്ഷയും, കുറ്റംതുടരുന്ന ഓരോ ദിവസത്തിനും അഞ്ഞൂറ് രൂപയാകാവുന്ന അധിക പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 വകുപ്പ് 207(സി) പ്രകാരം രോഗികൾക്ക് സൗജന്യമായി ചികിത്സ ലഭ്യമാക്കുന്ന ആതുരാലയങ്ങൾക്ക് നികുതി,ഉപനികുതി ഇളവ് നൽകിയിട്ടുണ്ടെങ്കിലും ഇത്തരം ആതുരാലയങ്ങൾക്ക് പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുക്കുന്നതിൽ നിന്നും ഇളവ് ഇല്ല. സഞ്ചയ പരിശോധിച്ചപ്പോൾ പഞ്ചായത്ത് പരിധിയിൽ ചുവടെ പറയുന്ന ആതുരാലയങ്ങൾ പ്രവർത്തിച്ചുവരുന്നുവെങ്കിലും ആയവയൊന്നും പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്തിട്ടില്ല.

| കെട്ടിട നമ്പർ | കെട്ടിട ഉടമസ്ഥൻ |
|---|---|
| 1/419 | പി എച്ച് സി ജൂബിലി മിഷ്യൻ ആശുപത്രി |
| 1/419A | ഹെൽത്ത് സെന്റർ,നടത്തറ, മാർ ആൻഡ്രൂസ് താഴത്ത് ,ആർച്ച് ബിഷപ്പ് ഓഫ് കാത്തലിക്ക് അതിരൂപത,തൃശ്ശൂർ |
| 4/314 | ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട് ലാബോറട്ടറി |
| 4/322 | ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട് ആശുപത്രി |
| 4/324 | ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട് ആശുപത്രി |
| 4/325 | ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട് ആശുപത്രി |

ആയതിനാൽ പ്രസ്തുത സ്ഥാപനങ്ങൾ പാരാമെഡിക്കൽ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നതിന് കാരണം അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.34/13.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർവിവരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

## 1-16 വസ്തുനികുതി - നികുതി, ഉപനികുതി മുതലായവയിൽ നിന്ന് ഒഴിവാക്കൽ അപാകതകൾ

### 1. ആതുരാലയത്തിനു പുറമെ അനുബന്ധകെട്ടിടത്തിന് നികുതി ഇളവ് നൽകി

കേരള പഞ്ചായത്ത് രാജ് ആക്ട് 1994, വകുപ്പ് 207(സി) പ്രകാരം രോഗികൾക്ക് സൗജന്യമായി ചികിത്സ ലഭ്യമാക്കുന്ന ആതുരാലയങ്ങൾക്ക് നികുതി,ഉപനികുതി ഒഴിവാക്കി നൽകാവുന്നതാണ്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചപ്പോൾ സൗജന്യമായി ചികിത്സ ലഭ്യമാക്കുന്ന ആതുരാലയത്തിനു പുറമെ അനുബന്ധമായി സ്ഥിതി ചെയ്യുന്ന മറ്റു ഉപയോഗക്രമങ്ങളിൽ ഉൾപ്പെടുന്ന കെട്ടിടങ്ങൾക്കും നികുതി ഇളവ് നൽകുകയും ആയത് വർഷങ്ങളായി തുടരുന്നുമുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | സ്ഥാപനം, ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|
| 4/308 | ഡാമിയൻ ആശ്രമം | 215 |

| | | |
|---|---|---|
| 4/309 | ഡോക്ടേഴ്സ് ക്വാർട്ടേഴ്സ്, ഡാമിയൻ | 96 |
| 4/310 | ക്വാർട്ടേഴ്സ് ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട് | 432 |
| 4/312 | ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട് ഓർത്തോപീഡിക് വർക്ക് ഷോപ്പ് | 81 |
| 4/315 | ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട് ആശ്രമം ക്വാർട്ടേഴ്സ് | 91 |
| 4/316 | ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട് നെസ്റ്റ് ആശ്രമം | 162 |
| 4/317 | ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട് ആശ്രമം ക്വാർട്ടേഴ്സ് | 72 |
| 4/318 | ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട് ക്വാർട്ടേഴ്സ് | 72 |
| 4/319 | ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട് ക്വാർട്ടേഴ്സ് | 100 |
| 4/320 | ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട് ക്വാർട്ടേഴ്സ് | 72 |
| 4/327 | ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട് വർക്ക് ഷോപ്പ് | 98 |
| 4/328 | ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട് ആശ്രമം | 70 |
| 4/329 | ഫാദർ ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട് ഗോഡൌൺ | 329 |

II. **ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനും,അനുബന്ധ കെട്ടിടങ്ങൾക്കും നികുതി ഇളവ് നൽകി**

കേരള പഞ്ചായത്ത് രാജ് ആക്ട് 1994, വകുപ്പ് 207(ബി) പ്രകാരം സർക്കാർ വകയോ എയ്ഡഡോ, സർക്കാരിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് അല്ലെങ്കിൽ അനുബന്ധ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്കും, പ്രസ്തുത സ്ഥാപനത്തിലെ വിദ്യാർത്ഥികൾ താമസിക്കുന്നതുമായ ഹോസ്റ്റൽ കെട്ടിടങ്ങൾക്കും, വകുപ്പ് 207(ബിഎ) പ്രകാരം സർക്കാരിന്റെ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർ സെക്കന്ററിതലം വരെയുള്ളതുമായ, വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളും, അത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങൾക്കും നികുതി,ഉപനികുതിയിൽ നിന്നും ഒഴിവാക്കി നൽകിയിട്ടുണ്ട്. എന്നാൽ സഞ്ചയ പരിശോധിച്ചപ്പോൾ കെഎസ്ഇബി ജീവനക്കാർക്ക് പരിശീലനം നൽകുന്ന ഇൻസ്റ്റിറ്റ്യൂട്ടിനും, അനുബന്ധ ഹോസ്റ്റലുകൾക്കും ഇളവ് നൽകുകയും ആയത് വർഷങ്ങളായി തുടരുന്നുമുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | സ്ഥാപനം, ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|
| 12/583 | റീജിണൽ പവർട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ഇരവിമംഗലം - | 328.96 |

| | | |
|---|---|---|
| | KSEB TRAINING CENTRE | |
| 12/584 | റീജിണൽ പവർട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ഇരവിമംഗലം Hostel Room No.1 | 18 |
| 12/585 | റീജിണൽ പവർട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ഇരവിമംഗലം - Hostel Room 2 | 18 |
| 12/586 | റീജിണൽ പവർട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ഇരവിമംഗലം Room 3 | 18 |
| 12/587 | റീജിണൽ പവർട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ഇരവിമംഗലം Room 4 | 18 |
| **12/588** | റീജിണൽ പവർട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ഇരവിമംഗലം Room 5 | 18 |
| 12/589 | റീജിണൽ പവർട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ഇരവിമംഗലം Room 6 | 18 |
| 12/590 | റീജിണൽ പവർട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ഇരവിമംഗലം Room 7 | 18 |
| 12/591 | റീജിണൽ പവർട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ഇരവിമംഗലം Room 8 | 18 |
| 12/592 | റീജിണൽ പവർട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ഇരവിമംഗലം Room 9 | 18 |
| 12/593 | റീജിണൽ പവർട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ഇരവിമംഗലം Room | 18 |

| | | |
|---|---|---|
| | 10 | |
| 12/594 | റീജിണൽ പവർട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ഇരവിമംഗലം - Hostel Room No.11 | 18 |
| 12/595 | റീജിണൽ പവർട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ഇരവിമംഗലം Canteen | 107.78 |

III. **പാർട്ടി ഓഫീസിന് നികുതി ഇളവ് നൽകി**

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 പ്രകാരം പാർട്ടി ഓഫീസുകൾക്ക് നികുതി ഇളവ് ഇല്ല. എന്നാൽ സഞ്ചയ പരിശോധിച്ചപ്പോൾ ചുവടെ പറയുന്ന പാർട്ടി ഓഫീസ് സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന് നികുതി ഇളവ് നൽകിയിട്ടുണ്ട്.

| കെട്ടിട നമ്പർ | സ്ഥാപനം | വിസ്തീർണ്ണം |
|---|---|---|
| 11/465 | പാർട്ടി ഓഫീസ് | 30 |

മേൽ കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകിയതിൽ മറുപടി ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.31/13.10.2023) ആതുരാലയത്തിന് പുറമെയുള്ള അനുബന്ധ കെട്ടിടങ്ങൾക്കും, ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനും ആയതിന്റെ അനുബന്ധ കെട്ടിടങ്ങൾക്കും വസ്തുനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും, പാർട്ടി ഓഫീസ് കെട്ടിടം പുറമ്പോക്കിലുള്ള ദുരബലാവസ്ഥയിലുള്ള കെട്ടിടമാണെന്നും മറുപടി നൽകിയിട്ടുണ്ട്. വസ്തുനികുതി എന്നത് പഞ്ചായത്തിന്റെ പ്രധാനപ്പെട്ട തനതുവരുമാനമാണ് എന്നതിനാൽ ഇത്തരം വീഴ്ചകൾ സംഭവിക്കാതിരിക്കാൻ ശ്രദ്ധവെച്ച് പുലർത്തേണ്ടതും, മുൻകാലങ്ങളിൽ ഇപ്രകാരം അനധികൃതമായി നികുതി ഇളവ് നൽകിയ സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയവയെ കണ്ടെത്തി വസ്തുനികുതി നിർണയിച്ച് തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 HMC വാർഷിക കണക്കുകളുടെ ഓഡിറ്റ്

2010-ലെ കേരള പഞ്ചായത്ത് രാജ് (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള മാനേജ്മെന്റ് കമ്മിറ്റി) ചട്ടങ്ങൾ, സ.ഉ(സാധാ)നം.3379/04/എച്ച്.എഫ്.ഡബ്ളിയു.ഡി തി.03-12-04 എന്നിവയ്ക്ക് വിധേയമായി രൂപം കൊണ്ടിട്ടുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ (പിഎച്ച്സി, ഹോമിയോ, ആയുർവേദം) ആശുപത്രി മാനേജിങ്ങ് കമ്മറ്റി രൂപീകരിച്ച തീയതി, ഏത് വർഷം വരെയുള്ള കണക്കുകൾ ഓഡിറ്റിന് നൽകി എന്നീ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണം നൽകിയിരുന്നു (ഓഡിറ്റ് അന്വേഷണം നം.02/06.10.2023). ആയതിന് ഹോമിയോ ഡിസ്പെൻസറിയിലെ എച്ച്.എം.സി 04.09.2022 ലാണ് രൂപം കൊണ്ടതെന്നും, 2008 വരെയുള്ള വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ടെന്നും, നടത്തറ പി.എച്ച്.സി 05.09.2002 ൽ രൂപം

കൊണ്ടെങ്കിലും 07.05.2021 മുതൽ ലാബ് ആരംഭിക്കുന്നതുവരെ വരുമാനമൊന്നുമില്ലാതിരുന്നതിനാൽ നാളിതുവരെ വാർഷികകണക്കുകൾ സമർപ്പിച്ചിട്ടില്ലെന്നും അറിയിച്ചു. എച്ച്.എം.സികൾ ഓഡിറ്റ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണെന്നും മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ആയുർവേദ ഡിസ്പെൻസറി വാർഷിക കണക്കുകൾ സംബന്ധിച്ച് യാതൊരു വിവരവും ലഭ്യമാക്കിയിട്ടില്ല. എച്ച്.എം.സി വാർഷികകണക്കുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനായി അടിയന്തിരമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 നടപടിക്രമങ്ങൾ പാലിക്കാതെ എയർ കണ്ടീഷണർ വാങ്ങിച്ചു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| പ്രോജക്റ്റ് നം / പേര് | 275/23- രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ |
| അടങ്കൽ | 236447 |
| ചെലവ് | 221893 |
| ബിൽ നം/വൗച്ചർ നം/ചെക്ക് നം/ തീയതി , തുക | 42201213/29.03.2023,38685 |

മേൽ പദ്ധതി പ്രകാരം പി.എച്ച്.സി യിലേക്ക് ഒരു 1 ടൺ എയർ കണ്ടീഷണർ വാങ്ങിയിട്ടുണ്ട്. ആയത് SUNRISE ENTERPRISES എന്ന സ്ഥാപനത്തിൽ നിന്നും 38685/- രൂപയ്ക്ക് GeM മുഖേനയാണ് വാങ്ങിയിരിക്കുന്നത്.

GeM ൽ നിന്നും 25000 രൂപയ്ക്ക് മുകളിലും 5 ലക്ഷം രൂപ വരെയുമുള്ള വസ്തുക്കൾ/ഉപകരണങ്ങൾ Comparison Direct Purchase മുഖേന വാങ്ങാവുന്നതാണ്. ആയതിന് വാങ്ങാൻ ഉദ്ദേശിക്കുന്ന ഉപകരണത്തിന്റെ കൃത്യമായ സ്പെസിഫിക്കേഷൻ നൽകി സേർച്ച് ചെയ്യുമ്പോൾ ഒരേ സ്പെസിഫിക്കേഷനിലുള്ള വ്യത്യസ്ത ബ്രാൻഡിലുള്ള 3 ഐറ്റം താരതമ്യം ചെയ്ത് അതിലെ L1 സാധനം നേരിട്ട് വാങ്ങാവുന്നതാണ്. എന്നാൽ പി.എച്ച്.സി യിലേക്ക് എയർ കണ്ടീഷണർ വാങ്ങിയപ്പോൾ പ്രസ്തുത നടപടിക്രമങ്ങളൊന്നും പാലിച്ചിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. GeM ൽ നിന്നും വാങ്ങേണ്ട സാധനത്തിന്റെ സ്പെസിഫിക്കേഷൻ നൽകിയപ്പോൾ കൃത്യത പാലിച്ചിട്ടില്ല. ഒരേ സമയം 1 ടണും, 1.5 ടണും കപ്പാസിറ്റിയുള്ള എയർ കണ്ടീഷണർ വേണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

2. ഒരേ സ്പെസിഫിക്കേഷനിലുള്ള മൂന്ന് വ്യത്യസ്ത ബ്രാൻഡുകളുമായി താരതമ്യം ചെയ്തല്ല L1 നെ തെരഞ്ഞെടുത്തിരിക്കുന്നത്.

3. L1 ആയി തെരഞ്ഞെടുത്ത എയർ കണ്ടീഷണർ 1 ടൺ ആണെങ്കിൽ ആയത് താരതമ്യം ചെയ്തത് 1.5 ടൺ കപ്പാസിറ്റിയുള്ള എയർ കണ്ടീഷണറുകളായിട്ടാണ്. ആയതിനാൽ GeM ൽ നിന്നും 25000 രൂപയ്ക്ക് മുകളിലുള്ള സാധനങ്ങൾ വാങ്ങുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളൊന്നും തന്നെ പാലിച്ചിട്ടില്ല.

ഇപ്രകാരം പ്രവർത്തിച്ചതിലൂടെ ഒരു പ്രത്യേക ബ്രാൻഡിനെ അല്ലെങ്കിൽ ഒരു പ്രത്യേക സ്ഥാപനത്തെ അനുകൂലിക്കുന്ന വിധത്തിലാണ് വാങ്ങൽ നടത്തിയിരിക്കുന്നത്. നടപടിക്രമങ്ങൾ പാലിക്കാതെ പ്രവർത്തിച്ചതിന് കാരണം അറിയിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/12.10.2023) പോർട്ടലിൽ നിന്നും ആദ്യമായിട്ട് വാങ്ങുന്നതിനാലും, നടപടിക്രമങ്ങളെ കുറിച്ച് അറിവില്ലാത്തതിനാൽ അശ്രദ്ധ മൂലം സംഭവിച്ചതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ 'ജെം' മുഖേന വാങ്ങലുകൾ നടത്തുന്നതിനു മുൻപ് വാങ്ങേണ്ട സാധനത്തിന്റെ സ്പെസിഫിക്കേഷനെ കുറിച്ച് ഉറപ്പ് വരുത്തേണ്ടതും നടപടിക്രമങ്ങൾ പാലിച്ച് വാങ്ങലുകൾ നടത്തേണ്ടതുമാണ്.

## 1-19 സർക്കാർ ഉത്തരവിന് വിരുദ്ധമായി അസിസ്റ്റന്റ് സെക്രട്ടറിയ്ക്ക് ചുമതലയിൽപ്പെട്ട എസ്.സി വിഭാഗം പദ്ധതി ഹെഡ്മിസ്ട്രസ് നിർവ്വഹണം നടത്തി

സ.ഉ(കൈ)നം.59/2014/ത.സ്വ.ഭ.വ തീയതി. 22/3/2014 പ്രകാരം അസിസ്റ്റന്റ് സെക്രട്ടറിമാർ ഉള്ള പഞ്ചായത്തുകളിൽ എസ്.എസി/എസ്.ടി പദ്ധതികളുടെ Implementing Officer ചുമതല നിർവ്വഹിക്കുന്നതിന് അസിസ്റ്റന്റ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സ.ഉ(കൈ)നം.84/2022/ ത.സ്വ.ഭ.വ തീ. 19.4.2022 പ്രകാരമുള്ള ഉത്തരവിന്റെ ഖണ്ഡിക 3.5.1(3)(iii)പ്രകാരം എസ്.സി/എസ്.ടി വിഭാഗങ്ങളിലെ "വിദ്യാഭ്യാസ പ്രോജക്റ്റുകൾ ഹെഡ്മാസ്റ്റർ നടത്തേണ്ടതാണ്" എന്ന് പരാമർശമുണ്ട്. ഭവനനിർമാണം, കൃഷി, മൃഗസംരക്ഷണം, ആരോഗ്യം ഒഴികെയുള്ള എസ്.സി/എസ്.ടി വിഭാഗങ്ങളിലെ മറ്റെല്ലാ പ്രോജക്റ്റുകളുടെയും നിർവ്വഹണോദ്യോഗസ്ഥൻ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി ആയിരിക്കുന്നതാണ്. സർക്കാർ ഉത്തരവ് (കൈ)നമ്പർ 115/2022 ത.സ്വ.ഭ.വ തീ. 28.05.2022 ഖണ്ഡിക 7.2.6 പ്രകാരം പട്ടികജാതി/പട്ടിക വിഭാഗങ്ങൾക്കുള്ള പ്രത്യേക ധനസഹായ പദ്ധതികളിൽ ഉൾപ്പെടുന്ന പ്രോജക്റ്റാണ് വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകൽ. ആയതിനാൽ പ്രസ്തുത പ്രൊജക്റ്റ് നടപ്പാക്കേണ്ടത് അസിസ്റ്റന്റ് സെക്രട്ടറിയാണ്. എന്നാൽ പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഫർണിച്ചർ നൽകൽ (മേശയും കസേരയും) എന്ന പ്രോജക്റ്റ് സർക്കാർ ഉത്തരവിന് വിരുദ്ധമായി നടപ്പാക്കിയിരിക്കുന്നത് സ്കൂൾ ഹെഡ്മിസ്ട്രസാണ്. അതിനാൽ തുടർവർഷങ്ങളിൽ പട്ടികജാതി വിദ്യാർത്ഥികളുടെ ഉന്നമനം മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ള ഇത്തരം പ്രത്യേക പ്രൊജക്റ്റുകൾ സർക്കാർ ഉത്തരവ് പാലിച്ചുകൊണ്ട് അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ചുമതല ഏറ്റെടുത്ത് നിർവ്വഹിക്കുന്നതിൽ ശ്രദ്ധവെച്ചു പുലർത്തേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.30/13.10.2023)

## 1-20 പെയിൻ & പാലിയേറ്റീവ് പദ്ധതിയ്ക്കായി തെരഞ്ഞെടുത്ത വാഹനം ഒരേ ദിവസം രണ്ടു പദ്ധതികൾക്കായി സഞ്ചരിച്ചതിന് തുക ചെലവഴിച്ചു

പെയിൻ & പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി തെരഞ്ഞെടുക്കപ്പെട്ട വാഹനം (KL08 BL 8143) ഒരേ ദിവസങ്ങളിൽ ഒരേ സമയം പെയിൻ & പാലിയേറ്റീവ് പദ്ധതിയ്ക്കായും (S0094/23), രോഗപ്രതിരോധ പ്രവർത്തങ്ങൾ എന്ന പദ്ധതിയിൽ(S0272/23) കുത്തിവെപ്പ് നടത്തുന്നതിന് ആരോഗ്യപ്രവർത്തകരെ കൊണ്ടുപോയതിനും തുക കൈപ്പറ്റിയിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നം.S0272/23 | | പ്രൊജക്ട് നം.S0094/23 | |
|---|---|---|---|
| വാഹനം ഓടിയ തീയതി, സമയം | കൈപ്പറ്റിയ തുക ₹ | വാഹനം ഓടിയ തീയതി, സമയം | കൈപ്പറ്റിയ തുക ₹ |
| 16.11.2021 (10AM To 1PM) | 700 | 16.11.2021 (9.30AM To 4PM) | 1000 |
| 15.02.2022 (10AM To 1PM) | 700 | 15.02.2022 (9.30AM To 4.30PM) | 1000 |
| 19.02.2022 (10AM To 1PM) | 700 | 19.02.2022 (9.30AM To 4.30PM) | 1000 |
| 22.03.2022 (10AM To 1PM) | 700 | 22.03.2022 (9.30AM To 4.30PM) | 1000 |

ഒരേ ദിവസം ഒരേ സമയം രണ്ടു പദ്ധതിയ്ക്കായി വാഹനം സഞ്ചരിച്ചതിന് തുക ചെലവഴിച്ചതിൽ മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.21/12.10.2023) പാലിയേറ്റീവ് പ്രവർത്തനത്തിനു പോയ ദിവസം മറ്റു വാഹനം ലഭിക്കാത്തതിനാലും അടിയന്തിരമായി പ്രതിരോധ കുത്തിവെപ്പിന് പോകേണ്ടി വന്നതിനാലുമാണ് സാന്ത്വന പരിചരണ പ്രവർത്തനത്തിന് തടസ്സം വരാത്ത രീതിയിൽ വാഹനം ഓടിയതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധവെച്ചു പുലർത്തേണ്ടതിനോടൊപ്പം അധികമായി അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതുമാണ്.

## 1-21 പി.എച്ച്.സി മരുന്ന് വാങ്ങൽ അപാകതകൾ

**I. മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല**

| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
|---|---|
| പ്രോജക്ട് നം. / | 35/23- അലോപ്പതിയിലേക്ക് |

| പേര് | മരുന്ന് വാങ്ങൽ |
|---|---|
| അടങ്കൽ | 1000000(മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ചെലവ് | 1000000 |
| ബിൽ നം/വൗച്ചർ നം/ചെക്ക് നം/ തീയതി , തുക | 42201490/02.11.22, **230981/-** (കെ.എം.എസ്.സി.എൽ -165422, മാവേലി -36195 , ജൻ ഔഷധി -29364) 42201642/25.11.2022, **265062**/- (കെ.എം.എസ്.സി.എൽ -223214, ജൻ ഔഷധി -41848) |
| ഓഡിറ്റ് അന്വേഷണം നം. | 18/12.10.2023 |

പ്രസ്തുത പദ്ധതിയിൽ മരുന്ന് വാങ്ങുന്നതിനായി മേൽ പറയുന്ന വൗച്ചറുകൾ പ്രകാരം കെ.എം.എസ്.സി.എൽ ന്റെ അക്കൗണ്ടിലേക്ക് തുക കൈമാറിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | മരുന്ന് വാങ്ങുന്നതിന് KMSCL ന നൽകിയ തുക | വൗച്ചർ നം | പ്രൊഫോർമ ഇൻവോയ്സ് നമ്പർ | ലഭിച്ച മരുന്ന് | ലഭിക്കാനുള്ളത് |
|---|---|---|---|---|---|
| 1 | 165422 | 42201490/02.11.22 | PRF1405/21.09.22 | 138972 | 26450/- |
| 2. | 223214 | 42201642/25.11.2022 | PRF2389/18.11.22 | 167389 | 55825/- |
| | ആകെ | | | | 82275/- |

മുൻകൂർ തുക നൽകിയിട്ടും മരുന്നുകൾ പൂർണ്ണമായും ലഭ്യമാകാത്ത സാഹചര്യത്തിൽ പ്രസ്തുത മരുന്ന് ലഭ്യമാക്കാൻ ഫോൺ മുഖേന കെ.എം.എസ്.സി.എൽ നെ അറിയിക്കുകയും മരുന്ന് വരുന്ന പ്രകാരം സപ്ലൈ ചെയ്യുന്നതാണെന്ന് കെ.എം.എസ്.സി.എൽ അറിയിച്ചിട്ടുണ്ടെന്നും ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി വിവരം ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ ലഭിക്കാനവശേഷിക്കുന്ന **82,275/-** രൂപയുടെ മരുന്ന് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

**II. പെയിൻ & പാലിയേറ്റിവ് - തുക/തുകയ്ക്ക് തുല്യമായ മരുന്ന് ലഭ്യമാക്കേണ്ടതാണ്**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| പ്രോജക്ട് നം. / പേര് | 36/23- സാന്ത്വന പരിചരണം(പാലിയേറ്റിവ് കെയർ) |
| അടങ്കൽ | **1450000/-**<br>350000 (പൊതുവിഹിതം )<br>300000(ബ്ലോക്ക് പഞ്ചായത്ത് )<br>800000(ജില്ലാ പഞ്ചായത്ത് ) |
| ചെലവ് | 677550/- |
| ബിൽ നം/വൗച്ചർ നം/ചെക്ക് നം/ തീയതി , തുക | 42201405/14.03.23,**99913/-** (മരുന്നിനായി ചെലവഴിച്ചത് ) |
| പ്രൊഫോർമ ഇൻവോയ്സ് നമ്പർ | PRF4868/01.03.23 |

പ്രസ്തുത പദ്ധതിയിൽ മേൽ വൗച്ചർ നമ്പർ പ്രകാരം 99913 രൂപ KMSCL ന്റെ അക്കൗണ്ടിലേക്ക് കൈമാറുകയും തുടർന്ന് ആവശ്യപ്പെട്ടഉപ്രകാരമുള്ള മരുന്ന് KMSCL ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത മരുന്ന് വിതരണം ചെയ്തതുമായി ബന്ധപ്പെട്ട ഒറിജിനൽ ഇൻവോയ്സ് തുക 88812 രൂപയാണ്. ആയതിനാൽ KMSCL ന അധികമായി നൽകിയ രൂപ തിരികെ ലഭ്യമാക്കിയിട്ടുണ്ടോ എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.19/12.10.2023) ബാലൻസ് തുകയ്ക്കുള്ള മരുന്നിന് തുല്യമായ ഇൻസുലിൻ സപ്ലൈ ചെയ്തു തരുമെന്ന് ഫോൺ സന്ദേശം മുഖേന KMSCL അറിയിച്ചിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. ആയതിനാൽ **11101** രൂപയ്ക്ക് തുല്യമായ ഇൻസുലിൻ ലഭ്യമാക്കുകയോ അല്ലാത്തപക്ഷം ബാക്കി തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 1-22 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമനമ്പർ | പ്രോജക്ട് നമ്പർ പ്രോജക്ട് | തുക വൗച്ചർ നമ്പർ തീയതി | തുക നൽകിയത് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 201/23<br>അഗതി രഹിത കേരളം പദ്ധതി വിഹിതം കൈമാറൽ | 50000/-<br>42201440/8.8.2022 | മെമ്പർ സെക്രട്ടറി കുടുംബശ്രീ |
| 2 | 202/23<br>ഐ.കെ.എം.കേരള മിഷൻ | 76709/-<br>42201438/6.8.22 | ഇൻഫർമേഷൻ കേരള മിഷൻ |
| 3 | 211/23<br>സ്ട്രീറ്റ്മെയിൻ ദീർഘിപ്പിക്കൽ | 1000000 | അസി.എഞ്ചിനീയർ ഇലക്ട്രിക്കൽ സെക്ഷൻ,നടത്തറ |
| | | 16430<br>22201296/31.3.23 | അസി.എഞ്ചിനീയർ KSEB മണ്ണുത്തി |
| 4 | 269/23<br>ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 115362/-<br>42201439/8.8.22 | അസി.എഞ്ചിനീയർ KSEB പട്ടിക്കാട് |

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

## 1-23 ക്വട്ടേഷൻ രേഖകൾ ഹാജരാക്കിയില്ല - 46000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ് |
| പ്രോജക്ട് നം / പേര് | S0093/23- പ്രീ പ്രൈമറി സ്കൂൾ കുട്ടികൾക്ക് കളിയുപകരണങ്ങൾ |
| അടങ്കൽ | 46000 (മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ചെലവ് | 46000 |
| ബിൽ നം/വൗച്ചർ നം/ചെക്ക് നം/ തീയതി , തുക | 42201310/29.02.23,46000 |

മേൽ പദ്ധതിയ്ക്കായി ABHAY MATHS LAB എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നമ്പർ 27/29.03.23 പ്രകാരം കളി ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ടെങ്കിലും ആയതുമായി ബന്ധപ്പെട്ട് ക്വട്ടേഷൻ വിളിച്ചതിന്റെ നോട്ടീസ്, സ്ഥാപനങ്ങൾ ക്വട്ടേഷൻ സമർപ്പിച്ചതിന്റെ വിവരങ്ങൾ, കമ്പാരിസൺ സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കിയിട്ടില്ല. ആയതിനാൽ കളി ഉപകരണങ്ങൾ എപ്രകാരമാണ് വാങ്ങിയതെന്ന് പരിശോധിക്കാൻ സാധിച്ചില്ല. ഈ സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തിയുടെ ക്വട്ടേഷൻ രേഖകൾ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് അന്വേഷണം നം.32/13.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത വാങ്ങലുകളുമായി ബന്ധപ്പെട്ട ക്വട്ടേഷൻ രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുകയായ 46000 രൂപ തടസ്സപ്പെടുത്തുന്നു.

## 1-24 മെഡിക്കൽ ഓഫീസർ ഹോമിയോ നടപ്പിലാക്കിയ പദ്ധതിയിലെ അപാകതകൾ

പ്രൊജക്ട് നം. 75/23, ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ

ചെലവ് തുക – 3,50,000/-, മെയിന്റനൻസ് ഫണ്ട് – നോൺ റോഡ്

വൗച്ചർ നം. 42201489/01.11.2022, തുക – 3,50,000/-

മേൽ പദ്ധതിയിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) പ്രൊഫോർമ ഇൻവോയ്സ് നം. PF-166/30.07.2022 പ്രകാരം 18.10.2022 തീയതിയിൽ മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് (ഹോംകോ) 3,50,000/- രൂപ ട്രാൻസ്ഫർ ചെയ്ത് നൽകുകയും 23.12.2022 തീയതിയിൽ കരാർ വയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 02.11.2022 തീയതിയിൽ ഇൻഡന്റ് തയ്യാറാക്കിയതിന് 11.11.2022 തീയതിയിലാണ് ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ) നോൺ-അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുള്ളത്. NAC ലഭ്യമാകുന്നതിന് മുൻപ് തുക കൈമാറുകയും തുക കൈമാറിയതിന് ശേഷം മാത്രം കരാർ വയ്ക്കുകയും ചെയ്തത് ശരിയായ നടപടിക്രമമല്ല.

2) 10.07.2023 തീയതിയിലെ ഇൻവോയ്സ് നം. LF-499 പ്രകാരം 1,94,439/- രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. അവശേഷിക്കുന്ന 1,55,561/- രൂപയുടെ മരുന്ന് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 04/06.10.2023)

## 1-25 പോഷകാഹാര പരിപാടി വിതരണക്കാരിൽ നിന്നും ജി.എസ്.റ്റി ടി.ഡി.എസ് ഈടാക്കിയില്ല.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ SO 82/23 അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടി (ജനറൽ), 57/23 അങ്കണവാടി അനുപൂരക പോഷകാഹാരം എന്നീ പ്രോജക്ടുകളിൽ ഫൈവ് സ്റ്റാർ അമൃതം ഫുഡ് സപ്ലിമെന്റ്, മറ്റത്തൂർ പി.ഓ, തൃശ്ശൂർ. എന്ന സ്ഥാപനത്തിൽ നിന്നും താഴെ പറയും പ്രകാരം 'അമൃതം ഫുഡ്', 'പോഷക പൊടി' എന്നീ ഉത്പന്നങ്ങൾ 2.5% CGSTയും, 2.5% SGSTയും നൽകി വാങ്ങിയിട്ടുള്ളതാണ്.

| ക്രമ | ഉൽപ്പന്നം | ഇൻവോയ്സ് | തീയതി | തുക | CGST@ | SGST @ | വൗച്ചർ നം./ |
| --- | --- | --- | --- | --- | --- | --- | --- |

| നം. | | നം. | | | 2.5% | 2.5% | തീയതി |
|---|---|---|---|---|---|---|---|
| 1 | അമൃതം ഫുഡ് സപ്ലിമെന്റ് | 49 | 05.03.22 | 1,23,480 | 3087 | 3087 | 22200065/25.04.22 |
| 2 | പോഷകപൊടി | 38 | 05.03.22 | 28,420 | 710.50 | 710.50 | |
| 3 | അമൃതം ഫുഡ് സപ്ലിമെന്റ് | A 1 | 10.04.22 | 1,02,900 | 2572.50 | 2572.50 | 42201298/03.06.22 |
| 4 | പോഷകപൊടി | 1 | 10.04.22 | 26,740 | 668.50 | 668.50 | |
| 5 | പോഷകപൊടി | 6 | 12.05.22 | 25,060 | 626.50 | 626.50 | |
| 6 | അമൃതം ഫുഡ് സപ്ലിമെന്റ് | 7 | 12.05.22 | 1,12,490 | 2812.25 | 2812.25 | |
| 7 | പോഷകപൊടി | 10 | 05.06.22 | 23,520 | 588 | 588 | 42201446/24.08.22 |
| 8 | അമൃതം ഫുഡ് സപ്ലിമെന്റ് | 12 | 05.06.22 | 92,190 | 2304.75 | 2304.75 | |
| 9 | പോഷകപൊടി | 15 | 20.07.22 | 19,880 | 497 | 497 | |
| 10 | അമൃതം ഫുഡ് സപ്ലിമെന്റ് | 17 | 20.07.22 | 1,00,450 | 2511.25 | 2511.25 | |
| 11 | പോഷകപൊടി | 20 | 05.08.22 | 22,680 | 567 | 567 | |
| 12 | അമൃതം ഫുഡ് സപ്ലിമെന്റ് | 22 | 05.08.22 | 87,360 | 2184 | 2184 | 42201459/16.09.22 |
| 13 | അമൃതം ഫുഡ് സപ്ലിമെന്റ് | 28 | 02.09.22 | 99,750 | 2493.75 | 2493.75 | |
| 14 | പോഷകപൊടി | 25 | 02.09.22 | 23,940 | 598.50 | 598.50 | |
| 15 | പോഷകപൊടി | 33 | 05.10.22 | 19,880 | 497 | 497 | 42201497/05.11.22 |
| 16 | അമൃതം ഫുഡ് സപ്ലിമെന്റ് | 41 | 05.10.22 | 80,430 | 2010.75 | 2010.75 | |
| 17 | പോഷകപൊടി | 38 | 03.11.22 | 17,220 | 430.50 | 430.50 | 42201498/05.11.22 |
| 18 | അമൃതം ഫുഡ് സപ്ലിമെന്റ് | 47 | 03.11.22 | 87,710 | 2192.75 | 2192.75 | |
| 19 | അമൃതം ഫുഡ് | 55 | 05.12.22 | 73,290 | 1832.25 | 1832.25 | 42201594/22.12.22 |

| | | | | | | | |
|---|---|---|---|---|---|---|---|
| | സപ്ലിമെന്റ് | | | | | | |
| 20 | പോഷകപൊടി | 44 | 05.12.22 | 19,600 | 490 | 490 | |
| 21 | അമൃതം ഫുഡ് സപ്ലിമെന്റ് | 62 | 16.01.23 | 91,140 | 2278.50 | 2278.50 | 42201522/10.02.22 |
| 22 | പോഷകപൊടി | 50 | 16.01.23 | 20,860 | 521.50 | 521.50 | 42201382/15.03.23 |
| 23 | പോഷകപൊടി | 55 | 02.02.23 | 18,480 | 462 | 462 | |
| 24 | അമൃതം ഫുഡ് സപ്ലിമെന്റ് | 69 | 02.02.23 | 79,190 | 1979.75 | 1979.75 | |
| 25 | അമൃതം ഫുഡ് സപ്ലിമെന്റ് | 76 | 03.03.23 | 90,160 | 2254 | 2254 | 22201270/29.03.23 |
| 26 | പോഷകപൊടി | 62 | 05.03.23 | 18,900 | 472.50 | 472.50 | |
| | | | | 15,05,720 | 37,643 | 37,643 | |

CGST ആക്ട് 2017ലെ വകുപ്പ് 51(1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികമാകുന്ന സാധനങ്ങളുടെയോ സേവനങ്ങളുടേയോ രണ്ടിന്റേയോ കരാറുകാരുടെ ബില്ലിൽ നിന്നും 1% ടിഡിഎസ് പിടിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. SGST ആക്ട് 2017ലെ വകുപ്പ് 51(1) പ്രകാരവും സമാനമായ നിർദ്ദേശമുള്ളതാണ്. ആയതിനാൽ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികമാകുന്ന ബില്ലുകളിൽ നിന്നും CGST, SGSTഇനങ്ങളിൽ 1% വീതം ആകെ 2% നികുതി സ്രോതസിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ മേൽ പട്ടികപ്പെടുത്തിയ പ്രകാരം ഫൈവ് സ്റ്റാർ അമൃതം ഫുഡ് സപ്ലിമെന്റ്, മറ്റത്തൂർ പി.ഓ, തൃശ്ശൂർ. എന്ന സ്ഥാപനത്തിൽ നിന്നും 'അമൃതം ഫുഡ്', 'പോഷകപൊടി' എന്നീ ഉൽപ്പന്നങ്ങൾ വാങ്ങിയപ്പോൾ ജി.എസ്.ടി-ടി.ഡി.എസ് ഈടാക്കിയിട്ടില്ലാത്തതാണ്. തുടർവർഷങ്ങളിൽ തുക അനുവദിക്കുമ്പോൾ നിയമാനുസൃത ജി.എസ്.റ്റി-ടി.ഡി.എസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 09/11.10.2023)

**1-26 ക്വട്ടേഷൻ നോട്ടീസിൽ പരസ്യപ്പെടുത്തിയ സ്പെസിഫിക്കേഷൻ പാലിക്കാതെ വാങ്ങൽ നടത്തി – ചെലവ് തുക തടസ്സപ്പെടുത്തുന്നു**

നിർവ്വഹണോദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

പ്രൊജക്ട് നം. 41/23, എസ്.സി കുടുംബങ്ങൾക്ക് വാട്ടർടാങ്ക്

ചെലവ് തുക – 64,980/- (48,740 – വികസന ഫണ്ട് – എസ്.സി.പി, 16,240 – ഗുണഭോക്തൃവിഹിതം)

വൗച്ചർ നം. 42201519/തീ. 14.02.2023, തുക – 48,740/-

വൗച്ചർ നം. 22201211/തീ. 17.03.2023, തുക – 16,240/-

ഓഡിറ്റ് അന്വേഷണം നം. 08/10.10.2023

വാട്ടർടാങ്ക് വാങ്ങുന്നതിനായി പുറപ്പെടുവിച്ച 04.11.2022 തീയതിയിലെ എ.എസ്-1/2022/41 നമ്പർ ക്വട്ടേഷൻ നോട്ടീസ് പ്രകാരം ഐ.എസ്.ഐ മുദ്രയുള്ള 500 ലിറ്ററിന്റെ 3 ലെയർ വെള്ള നിറത്തിലുള്ള വാട്ടർ ടാങ്ക് വിതരണം ചെയ്യുന്നതിനാണ് പരസ്യപ്പെടുത്തിയിരുന്നത്.

23.01.2023 തീയതിയിലെ ഭരണസമിതി യോഗ തീരുമാനം 1(8) പ്രകാരം കെ.പി.എം സ്റ്റോഴ്സ്, ബി.പി.ആർ.ഒ സൊല്യൂഷൻസ് എന്നീ സ്ഥാപനങ്ങൾ സാമ്പിൾ പരിശോധനയ്ക്ക് സമർപ്പിക്കാതിരുന്നതിനാൽ കുറവ് തുക രേഖപ്പെടുത്തിയ സൗത്ത് ഇൻ പോളിമേഴ്സ് എന്ന സ്ഥാപനത്തിന്റെ സാമ്പിൾ പരിശോധിച്ച് 3,249/- രൂപ നിരക്കിൽ സീടെക്ക് ബ്രാൻഡ് വാട്ടർടാങ്ക് തെരഞ്ഞെടുത്തു എന്നാണ് രേഖപ്പെടുത്തിയിരുന്നത്. എന്നാൽ സൗത്ത് ഇൻ പോളിമേഴ്സ് സമർപ്പിച്ച ടെണ്ടർ ഷെഡ്യൂളിൽ 2 Layer Black Color 500 Ltr വാട്ടർ ടാങ്ക് എന്നും 13.02.2023 തീയതിയിലെ ഇൻവോയ്സ് നം. SIP-2056 പ്രകാരം ISI BK Seateck 500 Ltr ടാങ്ക് എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് ക്വട്ടേഷൻ നോട്ടീസിലെ സ്പെസിഫിക്കേഷൻ അനുസരിച്ചുള്ളതല്ല.

കരാറിനായി 200 രൂപയുടെ സ്റ്റാമ്പ് പേപ്പറും, ഇ.എം.ഡി ആയി 1000/- രൂപ ലീൻ നോട്ട് നൽകുകയും ചെയ്തിട്ടുള്ള P.G.Enterprises, Thandukode, Vellayur, Malappuram എന്ന സ്ഥാപനം 3 Layer വെള്ള വാട്ടർ ടാങ്കിന് 2,444/- (10kg+), 2,590/- (13kg+), 3,158/- (18kg+) എന്നിങ്ങനെ ക്വട്ടേഷൻ നോട്ടീസിലെ സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള കുറവ് തുകയാണ് രേഖപ്പെടുത്തിയിരുന്നത്. ഈ സ്ഥാപനത്തെ പരിഗണിച്ചിട്ടുമില്ല.

ക്വട്ടേഷൻ നോട്ടീസിൽ പരസ്യപ്പെടുത്തിയ സ്പെസിഫിക്കേഷൻ പാലിക്കാതെ വാങ്ങൽ നടത്തിയിരിക്കുന്നതിനാൽ ചെലവ് തുകയായ 64,980/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-27 ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ - അദ്ധ്യാപികയെ നിയമിച്ചതിലെയും വാഹനം വാടകയ്ക്ക് എടുത്തതിലെയും അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

പ്രൊജക്ട് നം. 158/23, ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ

ചെലവ് തുക – 4,58,839/- (വികസന ഫണ്ട് – പൊതുവിഭാഗം)

വൗച്ചർ നം. 42201568/04.01.2023, തുക – 36,000/-

വൗച്ചർ നം. 42201569/05.01.2023, തുക – 25,000/-

വൗച്ചർ നം. 42201562/05.01.2023, തുക – 10,000/-

വൗച്ചർ നം. 42201528/06.02.2023, തുക – 71,000/-

വൗച്ചർ നം. 42201374/16.03.2023, തുക – 10,000/-

വൗച്ചർ നം. 42201372/16.03.2023, തുക – 25,000/-

വൗച്ചർ നം. 42201371/16.03.2023, തുക – 36,000/-

വൗച്ചർ നം. 42201325/28.03.2023, തുക – 36,000/-

വൗച്ചർ നം. 42201326/28.03.2023, തുക – 10,000/-

വൗച്ചർ നം. 42201327/28.03.2023, തുക – 25,000/-

വൗച്ചർ നം. 42201457/09.03.2023, തുക – 39,000/-

വൗച്ചർ നം. 42201458/09.03.2023, തുക – 4,839/-

വൗച്ചർ നം. 42201481/18.10.2022, തുക – 25,000/-

വൗച്ചർ നം. 42201608/13.12.2022, തുക – 50,000/-

വൗച്ചർ നം. 42201609/13.12.2022, തുക – 20,000/-

വൗച്ചർ നം. 42201610/13.12.2022, തുക – 36,000/-

ഓഡിറ്റ് അന്വേഷണം നം. 08/10.10.2023

I) ടീച്ചറെ നിയമിച്ചതുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

(1) ഭരണസമിതിയുടെ 31.05.2022 ലെ യോഗ തീരുമാനം 9(11) പ്രകാരം, കുടുംബശ്രീ ജില്ലാമിഷന് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ മിഷൻ നിശ്ചയിച്ച് തന്ന ശ്രീമതി.റാണി ജോൺസൺ, പള്ളിക്കുളം വീട്, എൽത്തുരുത്ത് എന്നവരെ ബഡ്സ് സ്കൂളിലെ അധ്യാപികയായി നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

(2) ഗ്രാമപഞ്ചായത്തിന്റെ 09.06.2022 തീയതിയിലെ എ-1235/2022 നമ്പർ കത്ത് പ്രകാരം ഇരുന്നൂറ് രൂപയുടെ മുദ്രപത്രത്തിൽ കരാർ സമർപ്പിക്കണമെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ കരാർ ഹാജരാക്കിയിട്ടില്ല.

(3) 23.07.2022 തീയതിയിലെ ഭരണസമിതി യോഗ തീരുമാനം നം. 1(20) പ്രകാരം 15,000/- രൂപ ടീച്ചർക്ക് പ്രതിമാസവേതനം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇത് പ്രകാരം 2022 സെപ്റ്റംബർ മാസം വരെ തുക നൽകിയിട്ടുണ്ട്. 25.11.2022 തീയതിയിലെ ഭരണസമിതി യോഗ തീരുമാനം നം. 21(1) പ്രകാരം ടീച്ചറുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പ്രതിമാസവേതനം 25,000/- രൂപയായി വർദ്ധിപ്പിക്കുന്നതിനും ഇതുവരെയുള്ള കുടിശ്ശിക അനുവദിക്കുന്നതിനും തീരുമാനിച്ചു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഏത് മാസം മുതലാണ് പ്രാബല്യം എന്ന് രേഖപ്പെടുത്തിയിട്ടില്ല. മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2022 ഒക്ടോബർ മാസം മുതൽ 25,000/- രൂപ വേതനം നൽകുകയും ചെയ്തിട്ടുണ്ട്.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. നിയമനത്തിന്റെ വിശദാംശങ്ങൾ, കരാർ എന്നിവ ഹാജരാക്കേണ്ടതാണ്. വേതനം വർദ്ധിപ്പിക്കുന്നതിന് തീരുമാനം എടുക്കുമ്പോൾ എന്ന് മുതൽക്കാണ് ആയതിന് പ്രാബല്യം എന്ന് നിശ്ചയിക്കേണ്ടതാണ്, അല്ലാത്ത പക്ഷം തീരുമാന തീയതി മുതൽക്ക് മാത്രം പ്രാബല്യം നൽകേണ്ടതാണ്.

II) വാഹനം വാടകയ്ക്കെടുത്തതുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

12.10.2022 തീയതിയിലെ എ.എസ് – 1/2022 നമ്പർ ക്വട്ടേഷൻ നോട്ടീസ് പ്രകാരം ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിലെ ആവശ്യങ്ങൾക്കായി പ്രതിമാസ വാടകയ്ക്ക് 8-12 സീറ്റുകളുള്ളതും 1500 സി.സി യ്ക്ക് മുകളിൽ ശേഷിയും ടാക്സി പെർമിറ്റ് ഉള്ളതുമായ വാഹനം ആവശ്യമാണെന്ന് പരസ്യപ്പെടുത്തിയിട്ടുണ്ട്. ഇത് പ്രകാരമുള്ള

